VOL NO: 04 | ISSUE 01
www.nerpatham.com
mail@nerpatham.com

2020 JANUARY 04 | ₹12


# നേർപഥം

വാരിക


# നീതിനിഷേധ കാലത്തെ പ്രവാചക ദർശനങ്ങൾ

നീതിയെന്നത് മനുഷ്യപ്രകൃതിയുടെ തേട്ടമാണ്. ശരിയുടെയും സത്യത്തിന്റെയും കൂടെ സഞ്ചരിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് നീതിയെ പ്രയോഗവത്കരിക്കുന്നതിന്റെ ശരിയായ രൂപം. വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സാമൂഹ്യക്രമം നിലനിർത്തുന്നതിനും നീതിന്യായ വ്യവസ്ഥ അനിവാര്യമാണ്. എന്നാൽ നീതി ലഭിച്ചുകൊണ്ടിരിക്കുമ്പോൾ മാത്രമല്ല നീതിനിഷേധിക്കപ്പെടുന്ന വേളകളിലും എങ്ങനെ പ്രതികരിക്കണമെന്ന കൃത്യമായ നിലപാടുണ്ട് ഇസ്‌ലാമിന്. പ്രവാചകാധ്യാപനങ്ങളിൽ അത് സുവ്യക്തമായി പഠിപ്പിക്കുന്നുണ്ട്.

**പ്രതീക്ഷയുടെ പൊൻകിരണമായി ഇന്ത്യൻ യുവത**
**ചേർന്ന് നിൽക്കുക; ചെറുത്ത് തോൽപിക്കുക**
**അവസാനം അവർ ചാലിലകത്തിനെ തേടിയുമെത്തി!**

## പ്രതീക്ഷകൾക്ക് നിറം പകർന്ന് ഝാർഖണ്ഡ്

രാജ്യം ഫാസിസത്തിന് തീറെഴുതിക്കൊടുത്തിരിക്കുന്നുവെന്ന ആശങ്കകൾക്ക് അടിസ്ഥാനമില്ലെന്ന ധാരണ ഊട്ടിയുറപ്പിക്കുന്നതാണ് അടുത്തിടെ പുറത്തുവന്ന നിയമസഭാതിരഞ്ഞെടുപ്പ് ഫലങ്ങളെല്ലാം. ബാബരി മസ്ജിദ് വിധിയും പൗരത്വ നിയമ ചർച്ചകളും കൊടുമ്പിരികൊണ്ട സമയത്തെ ഝാർഖണ്ഡ് റിസൽട്ട് അതിൽ എടുത്തു പറയേണ്ടതാണ്.

Let's scaffold to survive Relief .......without boundaries

# WISDOM FLOOD RELIEF

## Rs.10 Crore Wisdom Project for Flood Relief

Dear Sir,
Assalamu Alaikum..!
In the wake of recent flood in Kerala, the State level meeting of Wisdom Islamic Organisation, held on 15th August 2019, has resolved to implement a Rs.10 Crore Project for Flood Relief.

We are preparing a detailed plan as per the reports recieved from different districts for Construction of houses, Repair of houses, Cleaning and repairing the wells, Supply of food, dress, home appliances, school kits and loss of business and agriculture etc.

A joint effort is very much essential for the successful implementation of the above project. You can participate in the project by taking up any of the above projects fully or partially or otherwise try to get sponsors for the same.

It is also resolved to donate the income of two days of each Wisdom member to this noble venture. The details will be available soon.

May the Almighty empower all of us for the successful implementation of all our plans... (Aameen)

The Account details for transferring the Relief fund:

Wisdom Islamic Organization
Ac/No: 37489072044
State Bank of India
Palayam Branch
IFS CODE : SBIN0008635

Mob: 9567 070 031 - Whatsapp Only

official WISDOM ISLAMIC ORGANIZATION
C.V. Complex, P.V. Swami Road,
Kozhikode - 673002, Ph: 0495 4019437




നേർപഥം
വാരിക

0155 / 2020 ജനുവരി 04 / 1441 ജുമാദൽ അവ്വൽ 09
പുസ്തകം 04 / ലക്കം 01


# നീതിനിഷേധ കാലത്തെ പ്രവാചക ദർശനങ്ങൾ


സുഫ്‌യാൻ അബ്ദുസ്സലാം / 10

**മുഖമൊഴി**
പ്രതീക്ഷയുടെ പൊൻകിരണമായി ഇന്ത്യൻ യുവത / 05
എഡിറ്റർ

**ജാലകം**
പ്രശ്ന പരിഹാരത്തിന്റെ പ്രവാചക ഫോർമുല / 06
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**ലേഖനം**
അവസാനം അവർ ചാലിലകത്തിനെ തേടിയുമെത്തി! / 18
അബ്ദുൽ മാലിക് സലഫി

മതവിമുഖത: ചില അടിസ്ഥാന കാരണങ്ങൾ / 22
മൂസ സ്വലാഹി, കാര

പ്രതീക്ഷകൾക്ക് നിറം പകർന്ന് ഝാർഖണ്ഡ് / 26
നബീൽ പയ്യോളി

**കൂട്ടായ്മ**
ചേർന്ന് നിൽക്കുക; ചെറുത്ത് തോൽപിക്കുക / 08
ടി.കെ.അശ്റഫ്

**കാഴ്ച**
ചിരിക്കുന്ന കച്ചവടക്കാരൻ / 16
ഇബ്നു അലി എടത്തനാട്ടുകര

**ക്വുർആൻ ദർശനം**
ഖലം (പേന), ഭാഗം: 3 / 33
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ക്വുർആൻ പാഠം**
ഒരേ മാതാപിതാക്കളിൽനിന്നും ഉണ്ടായവർ നാം / 34
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

### അഞ്ച് ജില്ലകളിൽ കൂടി ജനറൽ കൗൺസിലുകൾ സമാപിച്ചു

# പൗരത്വ വിഭജനത്തിനെതിരെ ശക്തമായ പ്രതിഷേധം

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ജില്ലാതലങ്ങളിൽ സംഘടിപ്പിച്ച് വരുന്ന ജനറൽ കൗൺസിലുകൾ മലപ്പുറം നോർത്ത്, വയനാട് ജില്ലകളിലും പാലക്കാട്, കോഴിക്കോട് നോർത്ത്, കോഴിക്കോട് സൗത്ത് എന്നീ ജില്ലകളിലും സമാപിച്ചു.

കൗൺസിലുകൾ പൗരത്വ വിഭജനത്തിനെതിരെ പ്രതിഷേധ പ്രമേയങ്ങൾ പാസാക്കി. രാജ്യത്തിന് മേൽ അടിച്ചേൽപിച്ച കരിനിയമത്തിലടങ്ങിയ കുടില തന്ത്രങ്ങൾ കൗൺസിൽ ചർച്ച ചെയ്തു. പിൻവലിക്കും വരെ ശക്തമായ സമരമുഖത്ത് മതേതര സമൂഹത്തോടൊപ്പം നിലകൊള്ളാൻ കൗൺസിൽ ആഹ്വാനം ചെയ്തു. 'ചേർന്ന് നിൽക്കുക; ചെറുത്ത് തോൽപിക്കുക' എന്ന പ്രമേയത്തിൽ ബഹുമുഖങ്ങളായ പരിപാടികൾക്ക് രൂപം നൽകി.

**കൗൺസിലുകൾ പാസാക്കിയ പ്രമേയം:**

"ഇന്ത്യൻ ഭരണഘടന പൗരന് ഉറപ്പു നൽകുന്ന ജനാധിപത്യ അവകാശങ്ങൾക്കു മേൽ കടുത്ത നിയന്ത്രണങ്ങൾ കൊണ്ടുവന്ന് അപ്രഖ്യാപിത അടിയന്തിരാവസ്ഥ സൃഷ്ടിക്കുന്നതിന് കേന്ദ്ര സർക്കാർ വലിയ വില നൽകേണ്ടി വരും. രാജ്യം ആശങ്കാജനകമായ സാഹചര്യത്തിലൂടെയാണ് കടന്നു പോകുന്നത്.

ഇന്റർനെറ്റും യാത്രാ സ്വാതന്ത്ര്യവും നിഷേധിക്കുന്നതിലൂടെ ഓരോ പൗരനെയും തടവറയിലാക്കുന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇന്റർനെറ്റ് ലഭ്യത ഇല്ലാതാക്കുന്നതിലൂടെ സോഷ്യൽ മീഡിയയുടെ ഉപയോഗം നിയന്ത്രിക്കുന്നു എന്നതിലുപരി സാമ്പത്തിക ഇടപാടുകളും വ്യാവസായിക ഇടപാടുകളും നിലച്ചുപോകുന്ന സാഹചര്യമാണ് സർക്കാർ സൃഷ്ടിക്കുന്നത്. സാധാരണക്കാരന്റെ സാമ്പത്തിക ഇടപാട് ഡിജിറ്റലൈസ് ചെയ്യുകയും ഇടയ്ക്കിടെ അതിന്റെ ഉപയോഗം തടസ്സപ്പെടുത്തുകയും ചെയ്യുന്നത് കടുത്ത അനീതിയാണ്.

പൗരത്വ ഭേദഗതി നിയമം റദ്ദ് ചെയ്യുന്നത് വരെ രാജ്യവ്യാപകമായി ജനാധിപത്യ പോരാട്ടം ശക്തമാക്കണം. ജനാധിപത്യ രാജ്യത്ത് മാധ്യമവിലക്ക് ഏർപ്പെടുത്തുകയും സമാധാനപരമായ സമരങ്ങളെ അടിച്ചൊതുക്കുകയും ചെയ്യുക എന്നത് സത്യപ്രതിജ്ഞാ ലംഘനവും ഫാഷിസ്റ്റ് ശൈലിയുമാണ്."

മലപ്പുറം നോർത്തിൽ ടി.കെ.അശ്‌റഫ്, ഹുസൈൻ കാവനൂർ, താജുദ്ദീൻ സ്വലാഹി, മുഹമ്മദ് അൻവർ, നൂറുദ്ദീൻ സ്വലാഹി; വയനാട്ടിൽ നാസിർ, കെ. സജ്ജാദ്, മുജീബ് ഒട്ടുമ്മൽ, അശ്കർ ഇബ്രാഹിം, ത്വാഹ റഷാദ്; കോഴിക്കോട് നോർത്തിൽ നാസിർ, ഹാരിസ് മൗലവി, അബ്ദുല്ല ഫാസിൽ, മുജീബ് ഒട്ടുമ്മൽ, നിസാർ സ്വലാഹി, ത്വാഹ റഷാദ്; കോഴിക്കോട് സൗത്തിൽ, നാസർ, ഫൈസൽ മൗലവി, നബീൽ രണ്ടത്താണി, അബ്ദുല്ല ഫാസിൽ, നിസാർ സ്വലാഹി, ത്വാഹ റഷാദ്; പാലക്കാട്ട് അബൂബക്കർ സലഫി, ഹാരിസ് മൗലവി, ടി.കെ. അശ്‌റഫ്, യു. മുഹമ്മദ് മദനി, കെ. താജുദ്ദീൻ സ്വലാഹി, മുഹമ്മദ് അൻവർ, ഷെലു അബൂബക്കർ, നൂറുദ്ദീൻ സ്വലാഹി എന്നിവർ നേതൃത്വം നൽകി.

## ലേഖകരുടെ ശ്രദ്ധയ്ക്ക്

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

# പ്രതീക്ഷയുടെ പൊൻകിരണമായി ഇന്ത്യൻ യുവത

"വിദ്യാർഥികൾ എം.എൽ.എമാരല്ല; നിങ്ങൾക്കവരെ വാങ്ങാൻ കഴിയില്ല. വിദ്യാർഥികൾ ജഡ്ജസല്ല; നിങ്ങൾക്കവരെ ഭീഷണിപ്പെടുത്താൻ കഴിയില്ല. വിദ്യാർഥികൾ ഐ.എ.എസ് അല്ല; നിങ്ങൾക്കവരോട് ആജ്ഞാപിക്കാൻ കഴിയില്ല. നിങ്ങൾ എത്ര അടിച്ചമർത്തുന്നുവോ അവരുടെ ദൃഢനിശ്ചയം അത്രയധികം വർധിക്കും"-പ്രശാന്ത് ഭൂഷൺ.

ഇന്ത്യൻ യുവത കർമവിമുഖരും മൊബൈലിൽ തോണ്ടി താഴേക്ക് മാത്രം നോക്കി സമയം കൊല്ലുന്നവരുമല്ല എന്ന് തെളിയിച്ചു കഴിഞ്ഞിരിക്കുന്നു. ചില സംസ്ഥാനങ്ങളെ പ്രളയം വിഴുങ്ങിയപ്പോൾ ദുരന്ത ബാധിത മേഖലകളിൽ യുവാക്കൾ ത്യാഗനിർഭരമായ സേവനം കാഴ്ചവച്ചത് നാം മറന്നിട്ടില്ല.

ഇന്നിതാ ഇന്ത്യ എന്ന മഹാരാജ്യത്തെ കാർന്നുതിന്നുന്ന ക്യാൻസർ കോശമായി പൗരത്വ ഭേദഗതി ബില്ലും എൻ.ആർ.സിയും കടന്നുവന്നപ്പോൾ യുവത സടകുടഞ്ഞെഴുന്നേറ്റിരിക്കുന്നു. വിദ്യാർഥികളും അല്ലാത്തവരുമായ യുവാക്കൾ ആൺ-പെൺ വ്യത്യാസമില്ലാതെ ഇന്ന് വിവിധ പട്ടണങ്ങളിലും കലാലയപരിസരങ്ങളിലും രാപകൽ വ്യത്യാസമില്ലാതെ സമരത്തിലാണ്. അവർക്ക് രാഷ്ട്രീയമുണ്ട്. അവർക്ക് മതമുണ്ട്. പക്ഷേ, അവർ പ്രതിബദ്ധതയുള്ളവരാണ്; രാജ്യത്തോടും ജനങ്ങളോടും. അവർ രാജ്യത്തിന്റെ ഭാവിയിൽ ആശങ്കയുള്ളവരാണ്. അവർ ഇന്ത്യയുടെ വൈവിധ്യം നിലനിർത്താൻ ആഗ്രഹിക്കുന്നവരാണ്.

'ദേശീയ രജിസ്റ്റർ രാജ്യം മുഴുവൻ നടപ്പാക്കാനുള്ള ആലോചനകളൊന്നും സർക്കാരിന്റെ ഭാഗത്ത് നിന്നും ഇത് വരെ ഉണ്ടായിട്ടില്ല' എന്ന ആശ്വാസ വചനം കള്ളമാണെന്ന് അവർ തിരിച്ചറിയുന്നു. കാരണം ബംഗാളിൽ നിന്നുള്ള എം.പി സ്വപൻ ദാസ് ഗുപ്തയുടെ ചോദ്യത്തിന് ഉത്തരമായി രാജ്യം മുഴുവൻ എൻ.ആർ.സി നടപ്പാക്കും എന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ രാജ്യസഭയിൽ പറഞ്ഞത് ഇക്കഴിഞ്ഞ നവംബർ 20 നാണ്.

> "വിദ്യാർഥികൾ എം.എൽ.എമാരല്ല; നിങ്ങൾക്കവരെ വാങ്ങാൻ കഴിയില്ല. വിദ്യാർഥികൾ ജഡ്ജസല്ല; നിങ്ങൾക്കവരെ ഭീഷണിപ്പെടുത്താൻ കഴിയില്ല. വിദ്യാർഥികൾ ഐ.എ.എസ് അല്ല; നിങ്ങൾക്കവരോട് ആജ്ഞാപിക്കാൻ കഴിയില്ല. നിങ്ങൾ എത്ര അടിച്ചമർത്തുന്നുവോ അവരുടെ ദൃഢനിശ്ചയം അത്രയധികം വർധിക്കും"-പ്രശാന്ത് ഭൂഷൺ.

'പൗരത്വ നിയമ ഭേദഗതി കാരണം ഒരു ഇന്ത്യൻ പൗരനും പൗരത്വം നഷ്ടപ്പെടില്ല' എന്നതും നുണയാണെന്ന് അവർ മനസ്സിലാക്കുന്നു. ഇന്ത്യയിൽ ജനിച്ച എല്ലാവരും ഇന്ത്യൻ പൗരത്വത്തിന് അർഹരാണ് എന്നിരിക്കെ പുതിയ ഭേദഗതി അനുസരിച്ച് പൗരത്വം നിഷേധിക്കപ്പെടുന്നവർ മുസ്‌ലിംകൾ മാത്രമാണ്. മറ്റു മതക്കാർ മാത്രം പൗരത്വത്തിനു അർഹരാണ് എന്നാണ് പുതിയ നിയമഭേദഗതി പറയുന്നത്. കുടിയേറ്റക്കാർ എന്ന പേരിൽ പൗരത്വം നിഷേധിക്കപ്പെടുന്നവർ മുസ്‌ലിംകൾ മാത്രമാണ് എന്ന് ഇന്ത്യൻ യുവത തിരിച്ചറിയുന്നു.

'പൗരത്വം നിഷേധിക്കപ്പെട്ട ആളുകൾക്ക് മാത്രമായുള്ള ജയിലുകളെ പറ്റി ആലോചിച്ചിട്ട് കൂടിയില്ല' എന്ന പച്ചക്കള്ളവും അവർ തിരിച്ചറിയുന്നു. അങ്ങനെ ആലോചിക്കുക മാത്രമല്ല തീരുമാനിക്കുക കൂടി ചെയ്തിട്ടുണ്ടെന്നും ഈ ജയിലുകൾ എങ്ങനെയായിരിക്കണമെന്നതിന്റെ മാർഗരേഖ 2019 ജനുവരിയിൽ എല്ലാ സംസ്ഥാനങ്ങൾക്കും കൈമാറിയിട്ടുണ്ട് എന്നും ആസാമിൽ ഇപ്പോൾ ഇത്തരം ആറ് ജയിലുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ റോയി രാജ്യസഭയിൽ പ്രസ്താവിച്ചത് ഈ ഡിസംബർ മാസത്തിൽ തന്നെയാണെന്നും അവർക്കറിയാം.

അതെ, യാഥാർഥ്യങ്ങൾക്കു നേരെ അന്ധത നടിക്കാൻ ഇന്ത്യയുടെ മതനിരപേക്ഷതയും ജനാധിപത്യവും നാനാത്വത്തിൽ ഏകത്വവും നിലനിൽക്കാൻ ആഗ്രഹിക്കുന്ന വിദ്യാർഥി സമൂഹത്തിന് സാധ്യമല്ല. യുവാക്കൾ അതിന് സമ്മതിക്കില്ല.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com

ജാലകം



# പ്രശ്ന പരിഹാരത്തിന്റെ പ്രവാചക ഫോർമുല

മുഹമ്മദ് നബിﷺയുടെ പ്രവാചകത്വത്തിന്ന് അഞ്ചു വർഷം മുമ്പ് ക്വുറൈശികൾ കഅ്ബ ഒന്നു കൂടി പുതുക്കിപ്പണിതു. ഈ പണി നടന്നുകൊണ്ടിരിക്കെ, ഹജറുൽ അസ്‌വദ് അതിന്റെ പൂർവ സ്ഥാനത്ത് എടുത്തുവെക്കുന്നതുമായി ബന്ധപ്പെട്ട് ക്വുറൈശികളിലെ വിവിധ കുടുംബങ്ങൾ തമ്മിൽ തർക്കമുണ്ടായി, തർക്കം മൂർച്ചിച്ച് പരസ്പരം യുദ്ധ പ്രഖ്യാപനം വരെയെത്തി. കഅ്ബയെ സ്നേഹിച്ചാദരിക്കുന്ന, ഹജറുൽ അസ്‌വദിന്ന് മഹത്ത്വം കൽപിക്കുന്ന, സർവരുടെയും പ്രാർഥനാ കേന്ദ്രമായ ആ കഅ്ബയുടെ മുറ്റത്തുവെച്ച് ഒരേ ഗോത്രത്തിൽപെട്ട ക്വുറൈശികൾ ഇരുചേരിയായി തിരിഞ്ഞ് രക്തത്തിൽ കൈമുക്കി പരസ്പരം യുദ്ധം ചെയ്യാൻ ഒരുങ്ങി നിന്നു. നാലഞ്ച് ദിവസത്തോളം വിശുദ്ധ ഹറമിന്റെ മുറ്റത്ത് യുദ്ധഭീതി നിലനിന്നു. ഒടുവിൽ അവരിലെത്തന്നെ വിവേകികളിടപെട്ട് ഒരു തീരുമാനത്തിലെത്തിച്ചു; നാളെ രാവിലെ ആദ്യം കഅ്ബയിലേക്ക് വരുന്നത് ആരാണോ അയാളുടെ കൈകൊണ്ട് ഹജറുൽ അസ്‌വദ് തൽസ്ഥാനത്ത് എടുത്തുവെക്കാം.

പിറ്റേന്ന് രാവിലെ അങ്ങോട്ട് വന്നത് മുഹമ്മദ് എന്ന അൽഅമീനായിരുന്നു. എല്ലാവരും സന്തോഷിച്ചു. യുദ്ധഭീതി അസ്തമിച്ചു. അൽഅമീനിന്റെ കൈകൊണ്ട് ഹജറുൽ അസ്‌വദ് സ്ഥാപിക്കാൻ എല്ലാവർക്കും സമ്മതമായി. അന്ന് അദ്ദേഹത്തിന്ന് 35 വയസ്സാണ്.

അദ്ദേഹം ഒരു തട്ടം നിലത്തു വിരിച്ച് 'ഹജർ' അതിൽ വെച്ചു. എന്നിട്ട് തട്ടത്തിന്റെ നാലുഭാഗവും എല്ലാ കുടുംബത്തലവന്മാരോടും പിടിച്ചുപൊക്കാനാവശ്യപ്പെട്ടു. പിന്നീട് മുഹമ്മദ് നബിﷺ അത് എടുത്തു കഅ്ബയുടെ ഒരു മൂലയിൽ ഉറപ്പിച്ചു. എല്ലാവരും സസന്തോഷം പിരിഞ്ഞുപോയി.

അതിനെയൊന്നു ചുംബിക്കാൻ അല്ലെങ്കിൽ ഒരു പ്രാവശ്യമെങ്കിലും കൈകൊണ്ടു സ്പർശിക്കാൻ ഹജ്ജിനും ഉംറക്കും പോകുന്ന എല്ലാവരും കൊതിക്കുന്നു. മറ്റൊന്നുകൊണ്ടുമല്ല; നബിﷺ അങ്ങനെ ചെയ്തു എന്നത് കൊണ്ട് മാത്രം.

> കഴിയുന്നത്ര ഭിന്നശബ്ദങ്ങൾ പരിഹരിച്ച്, വ്യക്തി വൈവിധ്യങ്ങൾ കണ്ടറിഞ്ഞ്, വ്യക്തികളുടെ കഴിവുകളും കഴിവുകേടുകളും ദൗർബല്യങ്ങളും മനസ്സിലാക്കി വിവേകപൂർവം, ഭദ്രമായ ഒരു കൂട്ടായ്മയായി പ്രവർത്തിക്കുവാൻ സാധിക്കണം. അതാണ് വിശ്വാസി സമൂഹത്തിന്റെ മാതൃകയും ചരിത്രവും.



ഹജറുൽ അസ്‌വദുമായി ബന്ധപ്പെട്ട ഈ പൂർവകാല ചരിത്ര സംഭവം നമുക്ക് ചില ഗുണപാഠങ്ങൾ നൽകുന്നുണ്ട്.

കഅ്ബയോടും ഹജറിനോടുമുള്ള ഭക്തിയാണ് അതിന്റെ പേരിൽ യുദ്ധം ചെയ്യാൻ വരെ അവരെ പ്രേരിപ്പിച്ചത്. പക്ഷേ, ആ പുണ്യം നേടുന്ന കാര്യത്തിൽ കുടുംബ താൽപര്യവും സ്വാർഥതകളും അവരെ പിടികൂടി. അങ്ങനെ ഒരു നന്മക്കുവേണ്ടി അവിവേകം ചെയ്യാൻ അവർ മുതിർന്നു. അത് പക്ഷേ, അല്ലാഹു നിയുക്ത പ്രവാചകന്റെ കൈകൊണ്ട് നല്ല നിലയ്ക്ക് പരിഹരിച്ചു.

ലക്ഷ്യം നല്ലതാണെങ്കിൽ പോലും പടലപിണക്കങ്ങളും കലഹങ്ങളും മനുഷ്യരിൽ സാധാരണയാണ്. സ്വന്തമായ അഭിപ്രായങ്ങളും ചിന്താശേഷിയുമുള്ള സമൂഹങ്ങളിൽ അഭിപ്രായ വൈവിധ്യം സ്വാഭാവികമാണുതാനും. അത് പക്ഷേ, എല്ലാ നന്മകളെയും നശിപ്പിക്കുന്ന വിധം തീരാത്ത പകയും വിദ്വേഷവുമായി നിലനിൽക്കാതിരിക്കാൻ പ്രവാചകചര്യ പിന്തുടരുന്ന വിശ്വാസികൾ ശ്രദ്ധിക്കണം. അക്കാര്യത്തിൽ ഞാനോ നീയോ എന്ന അഹംബോധം പിടികൂടിപ്പോകരുത്.

നാടിന്നും മനുഷ്യ സമൂഹത്തിന്നും സ്വസമുദായത്തിന്നും നല്ലതു മാത്രം ആഗ്രഹിച്ചുകൊണ്ടാവണം ഒരു പ്രബോധക കൂട്ടായ്മ മുന്നോട്ടു പോകുന്നത്. നന്മയാണ് എല്ലാവരുടെയും മനസ്സിൽ ഉണ്ടാകേണ്ടത്. എന്നാൽ ഭിന്നസ്വരങ്ങൾ സ്വഭാവികവുമാണ്. കഴിയുന്നത്ര ഭിന്നശബ്ദങ്ങൾ പരിഹരിച്ച്, വ്യക്തി വൈവിധ്യങ്ങൾ കണ്ടറിഞ്ഞ്, വ്യക്തികളുടെ കഴിവുകളും കഴിവുകേടുകളും ദൗർബല്യങ്ങളും മനസ്സിലാക്കി വിവേകപൂർവം, ഭദ്രമായ ഒരു കൂട്ടായ്മയായി പ്രവർത്തിക്കുവാൻ സാധിക്കണം. അതാണ് വിശ്വാസി സമൂഹത്തിന്റെ മാതൃകയും ചരിത്രവും.

“അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്? നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ (തിൻമയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും തമ്മിൽ ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റബന്ധു എന്നോണം ആയിത്തീരുന്നു. ക്ഷമ കൈക്കൊണ്ടവർക്കല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവന്നല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല” (ക്വുർആൻ 41:33-35).

ടി.കെ.അശ്റഫ്
tkashraf100@gmail.com



### പൗരത്വ ഭേദഗതി നിയമം

# ചേർന്ന് നിൽക്കുക; ചെറുത്ത് തോൽപിക്കുക

'പൗരത്വ ഭേദഗതി ബില്ല് ആർക്കെതിരെയാണ്?' ഈ ചോദ്യത്തിന് പലവിധ ഉത്തരങ്ങളാണ് പലരും നൽകിക്കൊണ്ടിരിക്കുന്നത്! ആദ്യത്തെ ഉത്തരം അത് മുസ്‌ലിം സമുദായത്തിന് എതിരെയാണ് എന്നതാണ്. ചിലർ പറയുന്നത് ഭരണഘടനക്കെതിരെ എന്നാണ്. മറ്റു ചിലർ പറയുന്നത് രാജ്യത്തിനെതിരാണ് എന്നാണ്. വെറെ ചിലർ പറയുന്നത് 'നാനാത്വത്തിൽ ഏകത്വം' എന്ന, ഇന്ത്യാരാജ്യം മുന്നോട്ടു വെക്കുന്ന മൗലികമായ മുദ്രാവാക്യത്തിനെതിരാണ് എന്നാണ്. മറ്റു ചിലർ പറഞ്ഞു വരുന്നത് മതേതരത്വത്തിനെതിരാണ് എന്നാണ്. എല്ലാവരും ഏകസ്വരത്തിൽ പറയുന്നത് ലോകരാഷ്ട്രങ്ങൾക്കു മുമ്പിൽ ഇന്ത്യയെ നാണം കെടുത്തിയ കാര്യം എന്നുമാണ്.

ഈ പറഞ്ഞതെല്ലാം ശരിയാണ്. ഇത് മുസ്‌ലിംകൾക്കെതിരാണ്, ഭരണഘടനക്കെതിരാണ്, രാജ്യത്തിനെതിരാണ്, നാനാത്വത്തിൽ ഏകത്വം എന്നതിന് എതിരാണ്, മതേതരത്വത്തിനെതിരാണ്, ജനാധിപത്യത്തിനെതിരാണ്, മാനവസൗഹാർദത്തിനെതിരാണ്. ഇന്ത്യക്കാരുടെ സമാധാനജീവിതത്തിനെതിരാണ്, ഇത് ലോകത്തിനു മുമ്പിൽ ഇന്ത്യയെ അപമാനിക്കുന്ന ഒരു ബില്ല് തന്നെയാണ്.

മതങ്ങൾ തമ്മിലുള്ള മൈത്രിക്കെതിരാണ് എന്ന് പറയുന്നതാണ് കൂടുതൽ ഈ വിഷയത്തിന്റെ ആഴങ്ങളിലേക്ക് കടന്നുപോകുവാൻ പര്യാപ്തമാവുക എന്നാണ് എനിക്ക് തോന്നുന്നത്. സ്വതന്ത്ര ഇന്ത്യ എന്ന് പറയുന്നത്, എത്രയോ വർഷങ്ങളായി സമാധാനത്തോടും സൗഹാർദത്തോടും കൂടി നിലനിൽക്കുന്ന ഒരു രാജ്യമാണ്. സ്വതന്ത്ര ഇന്ത്യ രൂപപ്പെട്ടത് മുതൽ പല രാഷ്ട്രങ്ങളും വ്യക്തികളും ഇന്ത്യ താമസിയാതെ തകർന്നുപോകും എന്ന് സ്വപ്നം കണ്ടിട്ടുണ്ട്; വിളിച്ചു പറഞ്ഞിട്ടുണ്ട്. കാരണം ബഹുമതങ്ങളാണ് ഇവിടെ. വ്യത്യസ്ത സംസ്കാരങ്ങളുള്ള ജനവിഭാഗങ്ങളാണിവിടെ. ഇന്ത്യയുടെ ഭൂമിശാസ്ത്രത്തിന് എത്രമാത്രം വൈവിധ്യമുണ്ടോ അതിലേറെ വൈവിധ്യമുണ്ട് ജനങ്ങൾക്കും അവരുടെ വേഷങ്ങൾക്കും ഭാഷകൾക്കും സംസ്കാരങ്ങൾക്കും വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും. അത്കൊണ്ടു തന്നെ ഇത്തരം വൈവിധ്യങ്ങളുള്ള ഒരു രാജ്യത്തിന് സമാധാനത്തോടെ അധിക കാലം നിലനിൽക്കാനാകില്ല എന്ന് പലരും പ്രവചിച്ചു. പ

ക്ഷേ, പ്രതിസന്ധികളുടെ തീക്കാറ്റുകളെ രാജ്യം അതിജീവിച്ചു. ഇന്ത്യ അതിന്റെ മാനവസൗഹാർദവും സാഹോദര്യവും എല്ലാ അർഥത്തിലും ഉയർത്തിപ്പിടിച്ച് കൊണ്ട് എല്ലാ പ്രതിസന്ധികളുടെ മലമടക്കുകളും കയറിക്കൊണ്ടാണ് മുന്നോട്ട് പോയിക്കൊണ്ടിരിക്കുന്നത്. അതിനിടയിലാണ് പൗരത്വ ബിൽ കടന്നുവന്നിരിക്കുന്നത്. അതിന്ന് മനുഷ്യർക്കിടയിൽ വിള്ളലുണ്ടാക്കുന്നു എന്നതാണ് അതിന്റെ ഏറ്റവും സുപ്രധാനമായ ഒരു അപകടമെന്ന് നാം തിരിച്ചറിയേണ്ടതുണ്ട്.

ഇന്ത്യ സ്വതന്ത്രമായപ്പോൾ പാകിസ്ഥാൻ, ഇന്ത്യ എന്നിങ്ങനെ രണ്ട് രാജ്യങ്ങളായി വിഭജിക്കുകയുണ്ടായി. ആ വിഭജനം ഭൂമിശാസ്ത്രപരമായ വിഭജനമായിരുന്നു. ഭൂമിശാസ്ത്ര വിഭജനത്തെക്കാൾ വലിയ വിഭജനമാണ്.

മനുഷ്യമനസ്സുകളിൽ ഉണ്ടാകുന്ന വിഭജനമാണ് ഏറ്റവും മാരകമായ വിഭജനം. അതിനുള്ള വഴിമരുന്നാണ് ഇപ്പോൾ സർക്കരിന്റെ ഭാഗത്തുനിന്നു തന്നെ ഉണ്ടായിരിക്കുന്നത് എന്നാണ് ഏറ്റവും വേദകരമായ കാര്യം. നമ്മുടെ മുറ്റത്ത് അയൽവീടുകളിലെ കുട്ടികൾ കളിച്ചുകൊണ്ടിരിക്കുന്നു. അതിൽ എല്ലാ ജാതി മത വിഭാഗങ്ങളിൽ പെട്ട മക്കളുമുണ്ട്. അവർക്ക് തമ്മിൽ വൈര്യമില്ല, അവർക്ക് വിദ്വേഷമില്ല. ഒന്ന് ജോസഫിന്റെ മകനാണെങ്കിൽ മറ്റൊന്ന് രാമന്റെ മകനാണ്. മറ്റൊന്ന് മുഹമ്മദിന്റെ മകനാണ്. അവർ അവിടെ പന്ത് കളിച്ചുകൊണ്ടിരിക്കുന്നു, ക്രിക്കറ്റ് കളിച്ചുകൊണ്ടിരിക്കുന്നു. ഒന്നിച്ച് സ്കൂളിലേക്ക് പോകുന്നു.

അങ്ങാടികളിൽ എല്ലാ മതത്തിൽ പെട്ടവരും മതമില്ലാത്തവരും കച്ചവടം ചെയ്യുന്നു. സാധനങ്ങൾ വാങ്ങുമ്പോൾ ഇത് ആരുടെ കടയാണ് എന്ന് ആരും അന്വേഷിക്കാറില്ല. ഇങ്ങനെ ഒരുമയിൽ കഴിയുന്ന ജനങ്ങളുള്ള രാജ്യത്ത് മതത്തിന്റെ പേരിൽ അവർക്കിടയിൽ വേർതിരിവുണ്ടാക്കുന്ന ഒരു വിഷമാണ് യഥാർഥത്തിൽ ഇന്ത്യയാവുന്ന കടലിൽ പൗരത്വ ഭേദഗതി ബില്ലിലൂടെ കലക്കിയിരിക്കുന്നത്. ഇത് ഹൈന്ദവരെയും ക്രൈസ്തവരെയും മുസ്‌ലിംകളെയും മതവിശ്വാസികളല്ലാത്തവരുടെയും വിഷയമാണ്; ഇത് മുസ്‌ലിംകളുടെ മാത്രം വിഷയമല്ല. ഇന്ത്യയെ സ്നേഹിക്കുന്ന ഓരോരുത്തരുടെയും വിഷയമാണ്. കാരണം ഇന്ത്യയുടെ ഭരണഘടനയുടെ ആമുഖത്തിൽ ആർട്ടിക്കിൾ 14ൽ പറഞ്ഞ സമത്വമെന്ന ആശയത്തിന്ന് എതിരെയുള്ള നിയമമാണ്.

ഇന്ന് മുസ്‌ലിംകളെയാണ് ലക്ഷ്യമിടുന്നതെങ്കിൽ വരും കാലങ്ങളിൽ അത് ക്രൈസ്തവരെയും പിന്നെ ബൗദ്ധർ, സിക്ക്, ജൈനർ, പാഴ്സികൾ എന്നിവർക്കെതിരെയുമൊക്കെയാകാം. അവസാനം ഹൈന്ദവർക്കിടയിലെ അവർണർക്കെതിരിലുമാകും. സമഗ്ര സവർണാധികാരം വരുന്നതുവരെ ഈ ശുദ്ധീകരണ പ്രക്രിയ തുടർന്നേക്കാം.

എല്ലാ മതക്കാരെയും മതമില്ലാത്തവരെയും തുല്യ പരിഗണന നൽകി ഒരു നൂലിൽ ചേർത്തുകെട്ടിക്കൊണ്ടാണ് ഇന്ത്യയെന്ന രാജ്യം മുന്നോട്ട് പോയിക്കൊണ്ടിരുന്നത്. ആ ചരടാണ് കൊത്തിയറുക്കുന്നത്. ആ ചരട് കൊത്തിയറുക്കുമ്പോൾ ആദ്യമായി ഉതിർന്നു പോകുന്നത് മുസ്‌ലിംകളാണ് എന്നാണ് പുതിയ നിയമങ്ങൾ സൂചിപ്പിക്കുന്നത്. അത് ഒന്നിൽ നിൽക്കില്ല. പല മുത്തുകളും കൊഴിയും.

അതിനാൽ തന്നെ ആ ചരട് അറ്റുപോയിക്കൂടാ. ഇത് ഇന്ത്യാ രാജ്യത്തെ ആസകലം ബാധിക്കുന്ന പ്രശ്നമാണ് എന്ന് മനസ്സിലാക്കിക്കൊണ്ട് രാജ്യത്ത് സമാധാനവും സ്വസ്ഥതയും ആഗ്രഹിക്കുന്നവരെല്ലാം തന്നെ ഈ ബില്ലിനെതിരിൽ രംഗത്തുവരേണ്ടതുണ്ട്. ഇന്ത്യ മുസ്‌ലിംകളുടെതല്ല, ഹിന്ദുവിന്റെതല്ല, ക്രിസ്ത്യാനികളുടെതല്ല, ഇന്ത്യക്കാരുടെതാണ് എന്ന തിരിച്ചറിവിലാണ് നാം മുന്നോട്ടു പോകേണ്ടത്.

ഇന്ത്യക്ക് വെള്ളക്കാരിൽ നിന്ന് സ്വാതന്ത്ര്യം ലഭിക്കാൻ വേണ്ടി പണിയെടുത്തവരിൽ, അതിനുവേണ്ടി ജീവൻ ത്യജിച്ചവരിൽ എല്ലാ മതവിഭാഗക്കാരുമുണ്ട്. 'ജാലിയൻ വാലാബാഗ്' സംഭവത്തിന്റെ സ്മരണാർഥം കൊത്തിവച്ചിരിക്കുന്ന ശിലാഫലകത്തിൽ നോക്കിയാൽ നമുക്കത് മനസ്സിലാക്കാൻ സാധിക്കും.

അത് കൊണ്ടു തന്നെ ഇന്ത്യ ഇന്ത്യക്കാരുടെതാണ്. അത് ഇന്ത്യക്കാരായ എല്ലാവർക്കും അവകാശപ്പെട്ടതാണ് എന്ന യാഥാർഥ്യത്തെ അംഗീകരിച്ചുകൊണ്ട് നമുക്ക് മുന്നോട്ട് പോകുവാൻ സാധിക്കേണ്ടതുണ്ട്. പൗരത്വ ഭേദഗതി ബില്ലിനെതിരെയുള്ള പ്രതിഷേധങ്ങൾ ഒറ്റക്കെട്ടായിത്തന്നെ നടത്തേണ്ടതുണ്ട്.

അതിനേറ്റവും നല്ല മാതൃക പാർലമെന്റിന്റെ ഇരു സഭകൾ തന്നെയാണ്. ഇരു സഭകളിൽനിന്നുമാണ് ആദ്യമായി ഇതിനെതിരിലുള്ള പ്രതിഷേധ സ്വരം രാജ്യം കേട്ടത്. പ്രതിപക്ഷം ന്യൂനപക്ഷമായിട്ടും ആ ബില്ലിനെതിരിൽ വളരെ ശക്തമായ രീതിയിൽ പ്രതികരിക്കാൻ അവർക്ക് സാധിച്ചു. ആഭ്യന്തരമന്ത്രി തടസ്സമുണ്ടാക്കാൻ ശ്രമിച്ചിട്ടും ധീരമായി പ്രതിപക്ഷ അംഗങ്ങൾ പറയാനുള്ളത് പറഞ്ഞു. അത് സാധിച്ചത് സത്യത്തിന്റെ ബലം കൊണ്ടായിരുന്നു. ഇന്ത്യക്കുവേണ്ടിയാണ് വാദിക്കുന്നത് എന്നത് കൊണ്ടായിരുന്നു.

പ്രതിപക്ഷ കക്ഷികൾ കാണിച്ച ഐക്യവും യോജിപ്പും രാജ്യത്ത് എവിടെ നടക്കുന്ന പ്രതിഷേധസമരങ്ങളിലും പ്രകടമാകേണ്ടതുണ്ട്. ഒറ്റക്ക് ചേരിതിരിഞ്ഞുകൊണ്ട് ഓരോ സമുദായക്കാർ പ്രത്യേകമായി സംഘടിക്കുകയല്ല വേണ്ടത്.



# നീതിനിഷേധ കാലത്തെ പ്രവാചക ദർശനങ്ങൾ

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

**നീതിയെന്നത് മനുഷ്യപ്രകൃതിയുടെ തേട്ടമാണ്. ശരിയുടെയും സത്യത്തിന്റെയും കൂടെ സഞ്ചരിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് നീതിയെ പ്രയോഗവത്കരിക്കുന്നതിന്റെ ശരിയായ രൂപം. വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സാമൂഹ്യക്രമം നിലനിർത്തുന്നതിനും നീതിന്യായ വ്യവസ്ഥ അനിവാര്യമാണ്. എന്നാൽ നീതി ലഭിച്ചുകൊണ്ടിരിക്കുമ്പോൾ മാത്രമല്ല നീതിനിഷേധിക്കപ്പെടുന്ന വേളകളിലും എങ്ങനെ പ്രതികരിക്കണമെന്ന കൃത്യമായ നിലപാടുണ്ട് ഇസ്‌ലാമിന്. പ്രവാചകാധ്യാപനങ്ങളിൽ അത് സുവ്യക്തമായി പഠിപ്പിക്കുന്നുണ്ട്.**

കവർ സ്റ്റോറി

നീതി മനുഷ്യപ്രകൃതിയുടെ തേട്ടമാണ്. ശരിയുടെയും സത്യത്തിന്റെയും കൂടെ സഞ്ചരിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് നീതിയെ പ്രയോഗവത്കരിക്കുന്നതിന്റെ ശരിയായ രൂപം. സത്യം തനിക്കോ താൻ ഇഷ്ടപ്പെടുകയോ ചെയ്യുന്നവർക്കോ എതിരാണെങ്കിൽ പോലും സത്യത്തിന്റെ കൂടെ നിൽക്കുക എന്നതാണ് നീതിബോധം. വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സാമൂഹ്യക്രമം നിലനിർത്തുന്നതിനും നീതിന്യായ വ്യവസ്ഥ അനിവാര്യമാണ്. സമൂഹത്തിലെ ഏതൊരു വ്യക്തിയുടെയും അടിസ്ഥാനാവശ്യങ്ങൾ പൂർത്തീകരിക്കപ്പെടുകയെന്നതാണ് നീതിയുടെ അന്തിമമായ ഫലവും പ്രതിഫലനവും. ദൈവികമായ അനുഗ്രഹങ്ങളും ബോധനങ്ങളും ലഭിച്ചവർക്ക് നീതിയുടെ പ്രാധാന്യം കുറേക്കൂടി ഉൾക്കൊള്ളാൻ സാധിക്കും. ദൈവത്തിന്റെ സൃഷ്ടികൾ എല്ലാവരും തുല്യരാണെന്ന ബോധ്യം ദൈവവിശ്വാസത്തിലൂടെ ലഭി

ക്കുന്ന സവിശേഷ ചിന്തയാണ്. വിശ്വാസമോ ദേശമോ വർഗമോ വർണമോ ഒന്നും തന്നെ നീതിക്ക് തടസ്സമായിക്കൂടാ എന്നതാണ് ദൈവിക സന്ദേശങ്ങളിൽ നമുക്ക് കാണാൻ കഴിയുക.

പ്രശ്നങ്ങൾ ഉടലെടുക്കുമ്പോൾ നമ്മുടെ മുൻധാരണകളോ നമ്മുടെ കക്ഷിക്ക് കാര്യങ്ങൾ അനുകൂലമാകണമെന്ന വിചാരമോ ഒരു വിശ്വാസിയെ സ്വാധീനിക്കാൻ പാടില്ല. ക്വുർആനിൽ നീതി എന്ന ആശയത്തെ സൂചിപ്പിക്കുന്നതിന് രണ്ടു പദങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത്. 'ക്വിസ്ത്,' 'അദ്ൽ' എന്നിവയാണ് ആ പദങ്ങൾ. ഒരു വ്യക്തിക്ക് ലഭിക്കേണ്ട അവകാശങ്ങളെ പൂർണമായും വകവെച്ചുകൊടുക്കുക എന്നതാണ് 'ക്വിസ്ത്' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്. ക്വുർആൻ ഈ പദത്തെ ഉപയോഗിച്ചത് ശ്രദ്ധിക്കുക:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയിൽ കണിശമായി നീതി നിലനിർത്തുന്നവരായിരിക്കണം. അത് നിങ്ങൾക്ക് തന്നെയോ, നിങ്ങളുടെ മാതാപിതാക്കൾ, അടുത്ത ബന്ധുക്കൾ എന്നിവർക്കോ പ്രതികൂലമായിത്തീർന്നാലും ശരി" (ക്വുർആൻ 4:135).

സ്വന്തം താൽപര്യം ഹനിക്കപ്പെട്ടാലും മറ്റൊരാളുടെ അവകാശം സ്ഥാപിക്കപ്പെടണമെന്ന സന്ദേശത്തെ ധ്വനിപ്പിക്കുന്ന 'ക്വിസ്ത്' എന്ന പദമാണ് ഈ സൂക്തത്തിൽ ഉപയോഗിച്ചിട്ടുള്ളത്. അതേ സൂറത്തിൽ തന്നെ ഇപ്രകാരം കാണാം:

"വിശ്വസിച്ചേൽപിക്കപ്പെട്ട അനാമത്തുകൾ അവയുടെ അവകാശികൾക്ക് നിങ്ങൾ കൊടുത്തു വീട്ടണമെന്നും ജനങ്ങൾക്കിടയിൽ നിങ്ങൾ തീർപ്പ് കൽപിക്കുകയാണെങ്കിൽ നീതിയോടെ തീർപ്പ് കൽപിക്കണമെന്നും അല്ലാഹു നിങ്ങളോട് കൽപിക്കുന്നു. എത്രയോ നല്ല ഉപദേശമാണ് അവൻ നിങ്ങൾക്ക് നൽകുന്നത്" (ക്വുർആൻ 4:58).

ഇവിടെ ഒരു പ്രശ്നത്തിൽ വിധി പറയുമ്പോൾ സത്യസന്ധതയും നിഷ്പക്ഷതയും മാനദണ്ഡമായി സ്വീകരിക്കുന്നതിനെയാണ് 'അദ്ൽ' എന്ന് വിശേഷിപ്പിക്കുന്നത്. അപ്പോൾ അവകാശികൾക്ക് അവരുടെ അവകാശം നൽകുകയും അതിൽ നിഷ്പക്ഷമായ നിലപാട് സ്വീകരിക്കുകയും ചെയ്യുക എന്നതാണ് ക്വുർആൻ പ്രതിപാദിക്കുന്ന നീതി.

നീതി നടപ്പാക്കാൻ ബാധ്യതപ്പെട്ടവർ അത് നിർവഹിക്കുക തന്നെ വേണം. അതിൽ നിന്നും ഒഴിഞ്ഞുപോകുന്നത് നാട്ടിൽ വലിയ അരാജകത്വം സൃഷ്ടിക്കും. ഉന്നതകുല ജാതയായ ഒരു സ്ത്രീ മോഷണം നടത്തിയപ്പോൾ അവളുടെ കാര്യത്തിൽ കൈ മുറിക്കുക എന്ന ശിക്ഷാനടപടി സ്വീകരിക്കാൻ തുനിഞ്ഞപ്പോൾ ചിലർ ശുപാർശയുമായി വന്നു. അവൾ വലിയ കുടുംബത്തിൽ പെട്ടവളല്ലേ, ശിക്ഷ ഇളവ് ചെയ്തുകൊടുത്തുകൂടേ എന്ന് ഉസാമത്ത്ബ്നു സൈദ് പ്രവാചകനോട് പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മുഖം വിവർണമായി: 'അല്ലാഹുവിന്റെ വിധിയിൽ നീ ശുപാർശ നടത്തുകയോ?'

എന്നിട്ട് അദ്ദേഹം പറഞ്ഞു: "നിങ്ങളിൽ ഉന്നതർ കളവു നടത്തിയാൽ ശിക്ഷിക്കപ്പെടാതിരുന്നത് കൊണ്ടാണ് നിങ്ങളുടെ മുമ്പുള്ളവർ നശിച്ചുപോയത്. എന്നാൽ പാവപ്പെട്ടവർ വല്ലതും ചെയ്തുപോയാൽ ശിക്ഷ വിധിക്കുകയും ചെയ്യും. മുഹമ്മദിന്റെ മകൾ ഫാത്വിമയാണ് മോഷണം നടത്തിയതെങ്കിലും അവളുടെ കൈ മുറിക്കുക തന്നെ ചെയ്യും."

നീതിമാനായ ന്യായാധിപന് അദ്ദേഹത്തിന്റെ മുമ്പിൽ വരുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമെ വിധി നിർണയിക്കാൻ സാധിക്കൂ. പ്രവാചകന്റെ അരികിൽ വന്ന ഒരു കേസിൽ



അദ്ദേഹം പറഞ്ഞത് വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. 'ഞാൻ ഒരു മനുഷ്യൻ മാത്രമാണ്. എന്റെയരികിൽ തർക്കവുമായി നിങ്ങളിൽ ചിലർ വരും. നിങ്ങളിൽ ചിലർ മറ്റു ചിലരെക്കാൾ നന്നായി വാദം സമർഥിക്കാൻ കഴിവുള്ളവരായിരിക്കും. ഞാൻ കേൾക്കുന്നതിനനുസരിച്ച് വിധിച്ചേക്കാം. അങ്ങനെ ഞാൻ മറ്റൊരു സഹോദരന്റെ അവകാശമാണ് വിധിച്ചു നൽകുന്നതെങ്കിൽ നരകത്തിൽ നിന്നുള്ള ഒരു കഷ്ണമാണ് അയാൾക്ക് ഞാൻ വിധിച്ചതെന്നു മനസ്സിലാക്കുക" (ബുഖാരി, മുസ്‌ലിം).

നീതിയെ സംബന്ധിച്ച വിശുദ്ധ ക്വുർആനിന്റെയും പ്രവാചകന്റെയും കാഴ്ചപ്പാടുകളാണ് മുകളിൽ നൽകിയത്. നീതി നടപ്പാകാതെ വരുമ്പോൾ അവിടെ നിരാശകൾ പ്രകടമാകും. നിരാശകൾ മനുഷ്യനെ മാനസികമായി തളർത്തും. അത് പലതരത്തിലുള്ള മനോവൈകല്യങ്ങൾക്ക് കാരണമാവുകയും ചെയ്യും. മനോവൈകല്യങ്ങളുടെ മൂർത്തഭാവങ്ങളാണ് ആത്മഹത്യയും തീവ്രവാദവും. വ്യക്തിപരമായ നീതിനിഷേധങ്ങൾ പലപ്പോഴും ആത്മഹത്യകളിലേക്ക് നയിക്കുമ്പോൾ സാമൂഹിക നീതിനിഷേധം തീവ്രവാദത്തിലേക്ക് നയിക്കുന്നു. പല തീവ്രവാദങ്ങളുടെയും അടിവേരുകൾ പരിശോധിക്കുമ്പോൾ അവിടങ്ങളിൽ നീതിനിഷേധത്തിന്റെ ചില അടയാളങ്ങൾ കാണാൻ സാധിക്കും.

സാമൂഹിക നീതിയുടെ നിഷേധം ലോകചരിത്രത്തിൽ ഒട്ടേറെ കലാപങ്ങൾക്കും സംഘർഷങ്ങൾക്കും യുദ്ധങ്ങൾക്കും കാരണമായിട്ടുണ്ട്. പിറന്ന മണ്ണിൽ സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ സാധിക്കാതെ അധികാരി വർഗത്തിന്റെ ഭീഷണികൾക്കും ഭയപ്പെടുത്തലുകൾക്കും വിധേയരാകേണ്ടി വന്നതിന്റെ പേരിലും സ്വന്തം നാട്ടിൽ നിന്നും ആട്ടിയോടിക്കപ്പെട്ടതിന്റെ പേരിലും പീഡിതരായി കഴിയേണ്ടി വന്ന ഒരു പാട് ജനസമൂഹങ്ങൾ ലോകത്തുണ്ടായിട്ടുണ്ട്. അത്തരം സമൂഹങ്ങളെ നിയന്ത്രിക്കാനും അവർക്ക് ശരിയായ ദിശാബോധം നൽകാനും ആളില്ലാതെ വരുമ്പോൾ അവിടെ അക്രമങ്ങളും കുഴപ്പങ്ങളും വ്യാപിക്കുന്നു. കൗശലക്കാരായ അധികാരിവർഗങ്ങൾ നേതൃത്വ

> **നീതി നടപ്പാകാതെ വരുമ്പോൾ അവിടെ നിരാശകൾ പ്രകടമാകും. നിരാശകൾ മനുഷ്യനെ മാനസികമായി തളർത്തും. അത് മനോവൈകല്യങ്ങൾക്ക് കാരണമാവുകയും ചെയ്യും. മനോവൈകല്യങ്ങളുടെ മൂർത്തഭാവങ്ങളാണ് ആത്മഹത്യയും തീവ്രവാദവും. വ്യക്തിപരമായ നീതിനിഷേധങ്ങൾ പലപ്പോഴും ആത്മഹത്യകളിലേക്ക് നയിക്കുമ്പോൾ സാമൂഹിക നീതിനിഷേധം തീവ്രവാദത്തിലേക്ക് നയിക്കുന്നു. പല തീവ്രവാദങ്ങളുടെയും അടിവേരുകൾ പരിശോധിക്കുമ്പോൾ അവിടങ്ങളിൽ നീതിനിഷേധത്തിന്റെ ചില അടയാളങ്ങൾ കാണാൻ സാധിക്കും.**

വും ദിശാബോധവുമില്ലാത്ത ആൾക്കൂട്ടത്തെ കലാപങ്ങൾക്കായി ഉപയോഗപ്പെടുത്തുകയും എളുപ്പത്തിൽ അവരെ ഉന്മൂലനം ചെയ്യാൻ സാധിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യത്തിനു വേണ്ടി പല രാജ്യങ്ങളിലും നടന്ന സമരങ്ങളെ അക്രമമാർഗങ്ങളിലേക്ക് വഴി തിരിച്ചുവിടാനും അങ്ങനെ അവയെ പരാജയപ്പെടുത്തുവാനും അധിനിവേശ അധികാരിവർഗങ്ങൾക്ക് സാധിച്ചിട്ടുണ്ട്. സമരം നടത്തുന്നവരുടെ ആവശ്യങ്ങളും അടിസ്ഥാന കാരണങ്ങളും സത്യസന്ധമല്ലാത്തതു കൊണ്ടായിരുന്നില്ല മിക്ക സമരങ്ങളും പരാജയപ്പെട്ടത്. മറിച്ച് സമരങ്ങളെ അതിന്റെ ലക്ഷ്യത്തിലേക്ക് എത്തിക്കുന്നതിലുള്ള അക്ഷമയും എടുത്തുചാട്ടവും ശത്രുക്കളുടെ പ്രകോപനങ്ങളിൽ വഴുതി രൂപപ്പെട്ട നിലതെറ്റിയ പ്രതികരണങ്ങളുമാണ് പല സമരങ്ങളെയും പരാജയത്തിലേക്ക് നയിച്ചിരുന്നത്.

ഇവിടെയാണ് മുഹമ്മദ് നബിﷺയുടെ നിലപാടുകളും മാർഗദർശനങ്ങളും നമുക്ക് പാഠമാകുന്നത്. ചരിത്രത്തിൽ തുല്യതയില്ലാത്ത പീഡനങ്ങൾക്കും അനീതിക്കും വിധേയരായ സമൂഹമായിരുന്നു മക്കയിൽ നബിﷺയും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്ന വിശ്വാസികളും. വിശ്വാസം തുറന്നു പറയാൻ മാത്രമല്ല, സ്വതന്ത്രമായി ജീവിക്കാൻ പോലും അനുവാദമില്ലാതിരുന്ന 'ജാഹിലിയ്യത്തിന്റെ' കൊടും ക്രൂരതകൾക്ക് വിധേയമായിരുന്നു ആ സമൂഹം.

'യാതൊരു ന്യായവും കൂടാതെ, ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുന്നതിന്റെ പേരിൽ മാത്രം തങ്ങളുടെ ഭവനങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ടവരത്രെ അവർ' എന്നാണു ക്വുർആൻ (22:40) അവരെ വിശേഷിപ്പിച്ചത്. നിങ്ങളുടെ സ്രഷ്ടാവും സം

രക്ഷകനും പരിപാലകനും ഒരുവനാണെന്നും ആ സ്രഷ്ടാവിനെ മാത്രമെ നിങ്ങൾ ആരാധിക്കാവൂ എന്നും പറഞ്ഞതിന്റെ പേരിൽ മാത്രം അവർക്ക് നീതി നിഷേധിക്കപ്പെട്ടു. സ്വാതന്ത്ര്യം ഹനിക്കപ്പെട്ടു. ബഹിഷ്‌കരണവും അക്രമവും ഉന്മൂലനവും അവരുടെ മേൽ ചാർത്തപ്പെട്ടു. അവർ ആരെയും ആക്രമിക്കാൻ വന്നവരായിരുന്നില്ല. സമാധാനത്തിന്റെയും സമത്വത്തിന്റെയും സന്ദേശം പറഞ്ഞുകൊടുക്കാൻ വന്നവർ. ബലാൽക്കാരമായി ആളുകളെ മതത്തിൽ ചേർക്കാനോ മറ്റുള്ളവരുടെ വിശ്വാസങ്ങളെയോ ആരാധ്യന്മാരെയോ ആക്ഷേപിക്കാനോ വന്നവരായിരുന്നില്ല അവർ. 'ഉദ്ദേശിക്കുന്നവർ വിശ്വസിക്കട്ടെ, ഉദ്ദേശിക്കുന്നവർ അവിശ്വസിക്കട്ടെ,' 'മതത്തിൽ ബലാൽകാരമില്ല', 'പ്രബോധകൻ മാത്രമാണ്, അടിച്ചേൽപിക്കുന്നവനല്ല' 'നിങ്ങൾക്ക് നിങ്ങളുടെ വിശ്വാസം, എനിക്ക് എന്റെ വിശ്വാസം' തുടങ്ങിയ, നീതിയുടെ ആശയങ്ങളിൽ നിലയുറപ്പിച്ചിരുന്നവരായിരുന്നു പ്രവാചകനും അനുയായികളും. അപരന്റെ വിശ്വാസത്തിന്റെ ധാർമികതയെയും അതിന്റെ സത്യസന്ധതയെയും ചോദ്യം ചെയ്യാം എന്നല്ലാതെ വിശ്വാസ സ്വാതന്ത്ര്യത്തെ അദ്ദേഹവും അനുയായികളും ചോദ്യം ചെയ്തിരുന്നില്ല. എന്നിട്ടും പരമ്പരാഗതമായി ശീലിച്ചു വന്ന വിശ്വാസങ്ങൾക്കും രീതികൾക്കുമെതിരെ എന്ന ഒറ്റക്കാരണത്താൽ അവർ അതികഠിനമായി പീഡിപ്പിക്കപ്പെട്ടു. സ്വന്തം നാട്ടിലെ 'പൗരത്വം' പോലും ചോദ്യം ചെയ്യപ്പെട്ടു. പല നാടുകളിലേക്ക് പലായനം ചെയ്യേണ്ടി വന്നു. ചില താഴ്‌വരകളിൽ ജീവിതം തള്ളിനീക്കേണ്ടിവന്നു.



> **പ്രവാചകനും അനുയായികളും നിലവിട്ടു പെരുമാറിയില്ല. മക്കയിൽ ജീവിക്കുന്ന ജനങ്ങൾക്കിടയിൽ അവർ അലോസരം സൃഷ്ടിച്ചില്ല. അവിടുത്തെ പൊതുജീവിതത്തെ ബുദ്ധിമുട്ടിക്കുന്ന തരത്തിൽ പെരുമാറിയില്ല. അല്ലാഹുവിന്റെ സന്ദേശമനുസരിച്ച് മാത്രമെ പ്രവാചകന് പ്രവർത്തിക്കാനാവൂ. സന്ദേശങ്ങൾക്കായി അനുയായികൾ വർഷങ്ങൾ കാത്തിരുന്നു. ക്ഷമയുടെയും സഹനത്തിന്റെയും ഉദാത്തമായ മാതൃകകൾ! ഒടുവിൽ ഹിജ്‌റയ്ക്കുള്ള സന്ദേശം കിട്ടി. കരളിന്റെ കഷ്ണമായി കരുതിയിരുന്ന മക്കയെ വിട്ട് അവർ മദീനയിലേക്ക് പോയി. മദീനയിൽ ഇതര വിഭാഗങ്ങളുമായി സമാധാനത്തിന്റെ വാതിലുകൾ അദ്ദേഹം തുറന്നു. ജൂത ഗോത്രങ്ങളുമായി സന്ധിയിലേർപ്പെട്ടു. ക്ഷമ, സമാധാനം, ശാന്തത എന്നിവ കൈവിടാതെ തന്നെ അദ്ദേഹം പ്രവർത്തിച്ചു.**

മക്കയിൽ 13 വർഷക്കാലം ഈ ദുരിതപർവം താണ്ടി അദ്ദേഹവും അനുയായികളും കഴിഞ്ഞുകൂടി. സഹികേടിന്റെ പാരമ്യവും ക്ഷമയുടെ നെല്ലിപ്പടിയും കണ്ട അവരിൽ ചിലർ ചോദിച്ചു: 'എന്നാണ് മോചനം? ഇതിനൊരു അറുതിയില്ലേ? നമുക്ക് തിരിച്ചടിച്ചുകൂടേ?' പ്രവാചകൻ ക്ഷമ അവലംബിക്കാൻ പറഞ്ഞു. ആത്മസംയമനം ഒരു അലങ്കാരവാക്കായിരുന്നില്ല അവർക്ക്. അവർ അനുഷ്ഠിച്ച നമസ്‌കാരവും നോമ്പും സൽകർമങ്ങളും ക്ഷമയും സ്ഥൈര്യവും പ്രതീക്ഷയും അവർക്ക് സമ്മാനിച്ചു. 'വിശ്വാസികളെങ്കിൽ നിങ്ങൾ തന്നെ ഉന്നതർ' എന്ന ക്വുർആനിന്റെ പ്രോത്സാഹനം അവരെ ജീവിക്കാൻ പഠിപ്പിച്ചു. സ്വേച്ഛാധിപതികളുടെ എണ്ണം എത്ര കൂടിയാലും ഒരു വിശ്വാസിയുടെ വിശ്വാസ്യദാർഢ്യം മാത്രം മതി അതിനെ അതിജീവിക്കാൻ. 'എത്രയെത്ര കൊച്ചു കൊച്ചു സംഘങ്ങൾ വലിയ വലിയ സംഘങ്ങളെ അതിജീവിച്ചിട്ടുണ്ട്' എന്ന ക്വുർആനിക

> **കൗശലക്കാരായ അധികാരിവർഗങ്ങൾ നേതൃത്വവും ദിശാബോധവുമില്ലാത്ത ആൾക്കൂട്ടത്തെ കലാപങ്ങൾക്കായി ഉപയോഗപ്പെടുത്തുകയും എളുപ്പത്തിൽ അവരെ ഉന്മൂലനം ചെയ്യാൻ സാധിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യത്തിനു വേണ്ടി പല രാജ്യങ്ങളിലും നടന്ന സമരങ്ങളെ അക്രമമാർഗങ്ങളിലേക്ക് വഴി തിരിച്ചുവിടാനും അങ്ങനെ അവയെ പരാജയപ്പെടുത്തുവാനും അധിനിവേശ അധികാരിവർഗങ്ങൾക്ക് സാധിച്ചിട്ടുണ്ട്. സമരം നടത്തുന്നവരുടെ ആവശ്യങ്ങളും അടിസ്ഥാന കാരണങ്ങളും സത്യസന്ധമല്ലാത്തതു കൊണ്ടായിരുന്നില്ല മിക്ക സമരങ്ങളും പരാജയപ്പെട്ടത്. മറിച്ച് സമരങ്ങളെ അതിന്റെ ലക്ഷ്യത്തിലേക്ക് എത്തിക്കുന്നതിലുള്ള അക്ഷമയും എടുത്തുചാട്ടവും ശത്രുക്കളുടെ പ്രകോപനങ്ങളിൽ വഴുതി രൂപപ്പെട്ട നിലതെറ്റിയ പ്രതികരണങ്ങളുമാണ് പല സമരങ്ങളെയും പരാജയത്തിലേക്ക് നയിച്ചിരുന്നത്.**

വചനം അവർക്ക് ആത്മവിശ്വാസം സമ്മാനിച്ചു.

പ്രവാചകനും അനുയായികളും നിലവിട്ടു പെരുമാറിയില്ല. മക്കയിൽ ജീവിക്കുന്ന ജനങ്ങൾക്കിടയിൽ അവർ അലോസരം സൃഷ്ടിച്ചില്ല. അവിടുത്തെ പൊതുജീവിതത്തെ ബുദ്ധിമുട്ടിക്കുന്ന തരത്തിൽ പെരുമാറിയില്ല. അല്ലാഹുവിന്റെ സന്ദേശമനുസരിച്ച് മാത്രമെ പ്രവാചകന് പ്രവർത്തിക്കാനാവൂ. സന്ദേശങ്ങൾക്കായി അനുയായികൾ വർഷങ്ങൾ കാത്തിരുന്നു. ക്ഷമയുടെയും സഹനത്തിന്റെയും ഉദാത്തമായ മാതൃകകൾ! ഒടുവിൽ ഹിജ്റയ്ക്കുള്ള സന്ദേശം കിട്ടി. കരളിന്റെ കഷ്ണമായി കരുതിയിരുന്ന മക്കയെ വിട്ട് അവർ മദീനയിലേക്ക് പോയി. മദീനയിൽ ഇതര വിഭാഗങ്ങളുമായി സമാധാനത്തിന്റെ വാതിലുകൾ അദ്ദേഹം തുറന്നു. ജൂത ഗോത്രങ്ങളുമായി സന്ധിയിലേർപ്പെട്ടു. ക്ഷമ, സമാധാനം, ശാന്തത എന്നിവ കൈവിടാതെ തന്നെ അദ്ദേഹം പ്രവർത്തിച്ചു.

നീതിനിഷേധ കാലങ്ങളിൽ എങ്ങനെ മുന്നോട്ട് പോകണമെന്ന മാതൃകയാണ് പ്രവാചകന്റെ ജീവിതത്തിൽ നമുക്ക് കാണാൻ കഴിയുന്നത്. ക്ഷമയുടെ മാർഗം വിട്ട് അതിരുകടന്നു പോകുന്ന രീതികൾ പ്രവാചക ജീവിതത്തിൽ കാണാൻ കഴിയില്ല. ഒരു പൊതുനേതൃത്വമുണ്ടെങ്കിൽ ആ നേതൃത്വത്തെ അനുസരിച്ചുകൊണ്ട് അവരുടെ നിർദേശങ്ങൾ പാലിച്ചുകൊണ്ട് മുന്നോട്ടുപോവുകയാണ് വേണ്ടതെന്ന് പ്രവാചകരീതികൾ നമ്മെ ബോധ്യപ്പെടുത്തുന്നു. വിശ്വാസികൾക്കിടയിൽ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതുമായി ബന്ധപ്പെട്ട് പല തരത്തിലുള്ള അഭിപ്രായങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ആ അഭിപ്രായങ്ങൾ ക്ഷമയുടെ മാതൃകകൾ കൊണ്ട് അദ്ദേഹം ഏകോപിക്കുകയായിരുന്നു. മുസ്‌ലിം സമുദായം വലിയ പരീക്ഷണഘട്ടങ്ങളിലൂടെ കടന്നുപോകുമ്പോൾ ഈ മാതൃകയിൽ നിന്ന് തന്നെയാണ് നാം നിലപാടുകൾ സ്വീകരിക്കേണ്ടതും മാർഗങ്ങൾ ആവിഷ്കരിക്കേണ്ടതും. പ്രതികരണങ്ങളിൽ തീവ്രത പോരാ എന്ന ആക്ഷേപം ചില കോണുകളിൽ നിന്നുയരുക സ്വാഭാവികമാണ്. ക്ഷിപ്രകോപികളും കാര്യങ്ങൾ വേണ്ടവിധം അപഗ്രഥിച്ച് വരുംവരായ്കകളെ കുറിച്ച് ചിന്തിക്കാത്തവരുമായ ആളുകളുടെ അഭിപ്രായങ്ങൾക്ക് വശംവദരാവുകയല്ല പക്വമായ ഒരു നേതൃത്വം ചെയ്യേണ്ടത്. ആത്മസംയമനത്തിന്റെ താരാട്ടു പാടുന്നവർ എന്ന വിമർശനങ്ങൾ സ്വാഭാവികമാണ്.

ഒരു ജനാധിപത്യ സംവിധാനത്തിൽ ഭരണഘടന നമുക്ക് അനുവദിച്ചുതന്നിട്ടുള്ള പ്രതിഷേധ രീതികളുണ്ട്. നീതിനിഷേധ കാലത്ത് അത്തരം പ്രതി



ഷേധ രീതികളിൽ മതപരമായ വിലക്കില്ലാത്ത രീതികളെ സ്വീകരിക്കുന്നതിന് വിരോധമില്ല. പ്രവാചകനും അനുയായികളും പ്രതിഷേധങ്ങൾക്കായി സ്വീകരിച്ച മാർഗങ്ങൾ മാത്രമെ സ്വീകരിക്കാവൂ എന്നല്ല, മറിച്ച് പ്രവാചകൻ ഇത്തരം സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട പൊതുമര്യാദകൾ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. പൊതുമുതലുകൾ നശിപ്പിക്കുക, അക്രമങ്ങൾ സംഘടിപ്പിക്കുക, വഴിതടസ്സങ്ങൾ സൃഷ്ടിക്കുക എന്നിവയെല്ലാം പാടില്ലാത്തതാണ്.

ഒരു രാഷ്ട്രത്തെ നിർവചിക്കുന്നത് അതിന്റെ ഭരണഘടനയാണ്. ഭരണഘടന അനുവദിക്കുന്നതും രാജ്യത്തിന്റെ പീനൽ സംവിധാനങ്ങൾ അംഗീകരിച്ചതുമായ സമരമാർഗങ്ങൾ സ്വീകരിക്കുന്നതിന് പകരം നേതൃത്വമോ നിയന്ത്രിത ഘടനയോ ഇല്ലാത്തതും പൗരാവകാശങ്ങളെ ധ്വംസിക്കുന്നതുമായ പ്രതിഷേധ രീതികൾ രാജ്യത്ത് അസ്വസ്ഥത വളർത്തുകയും അരാജകത്വം സൃഷ്ടിക്കുകയും ചെയ്യും. ഭരണഘടന നിർവചിച്ച ജനാധിപത്യത്തെ അട്ടിമറിച്ച് ജനകീയം, ജനപക്ഷം മുതലായ പേരുകളിൽ ഉത്തരവാദിത്തമില്ലാത്ത പ്രതിഷേധങ്ങൾ രാജ്യത്തിന് അപകടമാണ്. ഇതിനർഥം വ്യവസ്ഥാപിതവും നിയമവ്യവസ്ഥയെ അംഗീകരിക്കുന്നതുമായ സംഘടനകൾക്ക് സംയുക്തമായി 'ജനകീയമായി' പ്രവർത്തിച്ചുകൂടാ എന്നല്ല. അവ സംഘടിപ്പിക്കുമ്പോൾ നിയന്ത്രിക്കാൻ ഉത്തരവാദപ്പെട്ട നേതൃത്വം ആവശ്യമാണ്. പ്രതിഷേധങ്ങൾ വഴിമാറി പോകാതിരിക്കാൻ ആവശ്യമായ നിർദേശം നൽകാൻ കഴിയുന്ന നേതാക്കൾ ആവശ്യമാണ്. ഇന്ത്യ ലോകത്തിന് സംഭാവന ചെയ്ത ജനാധിപത്യ രീതികളെ അവലംബിച്ചു പോകുമ്പോൾ കുഴപ്പങ്ങൾ കുറക്കാം. വിലാസമില്ലാത്ത 'ജനപക്ഷം' സമൂഹത്തിന് സമ്മാനിക്കുന്നത് അരക്ഷിതാവസ്ഥ മാത്രമായിരിക്കും.

**ഒരു രാഷ്ട്രത്തെ നിർവചിക്കുന്നത് അതിന്റെ ഭരണഘടനയാണ്. ഭരണഘടന അനുവദിക്കുന്നതും രാജ്യത്തിന്റെ പീനൽ സംവിധാനങ്ങൾ അംഗീകരിച്ചതുമായ സമരമാർഗങ്ങൾ സ്വീകരിക്കുന്നതിന് പകരം നേതൃത്വമോ നിയന്ത്രിത ഘടനയോ ഇല്ലാത്തതും പൗരാവകാശങ്ങളെ ധ്വംസിക്കുന്നതുമായ പ്രതിഷേധ രീതികൾ രാജ്യത്ത് അസ്വസ്ഥത വളർത്തുകയും അരാജകത്വം സൃഷ്ടിക്കുകയും ചെയ്യും. ഭരണഘടന നിർവചിച്ച ജനാധിപത്യത്തെ അട്ടിമറിച്ച് ജനകീയം, ജനപക്ഷം മുതലായ പേരുകളിൽ ഉത്തരവാദിത്തമില്ലാത്ത പ്രതിഷേധങ്ങൾ രാജ്യത്തിന് അപകടമാണ്. ഇതിനർഥം വ്യവസ്ഥാപിതവും നിയമവ്യവസ്ഥയെ അംഗീകരിക്കുന്നതുമായ സംഘടനകൾക്ക് സംയുക്തമായി 'ജനകീയമായി' പ്രവർത്തിച്ചുകൂടാ എന്നല്ല. അവ സംഘടിപ്പിക്കുമ്പോൾ നിയന്ത്രിക്കാൻ ഉത്തരവാദപ്പെട്ട നേതൃത്വം ആവശ്യമാണ്. പ്രതിഷേധങ്ങൾ വഴിമാറി പോകാതിരിക്കാൻ ആവശ്യമായ നിർദേശം നൽകാൻ കഴിയുന്ന നേതാക്കൾ ആവശ്യമാണ്. ഇന്ത്യ ലോകത്തിന് സംഭാവന ചെയ്ത ജനാധിപത്യ രീതികളെ അവലംബിച്ചു പോകുമ്പോൾ കുഴപ്പങ്ങൾ കുറക്കാം. വിലാസമില്ലാത്ത 'ജനപക്ഷം' സമൂഹത്തിന് സമ്മാനിക്കുന്നത് അരക്ഷിതാവസ്ഥ മാത്രമായിരിക്കും.**

രാജ്യം ഇന്ന് കത്തിയെരിയുകയാണ്. കേന്ദ്ര സർക്കാർ അതിനുള്ള ഇന്ധനങ്ങൾ രാജ്യത്തുടനീളം തെളിച്ചു കൊണ്ടിരിക്കുന്നു. ജനങ്ങളെ പ്രകോപിതരാക്കി തെരുവിലിറക്കി അവരെ തോക്കിൻ മുനകൾക്ക് മുമ്പിലേക്ക് കൊണ്ടുവരാനാണ് അവർ ശ്രമിക്കുന്നത്. കുഴപ്പങ്ങൾ സർക്കാർ ബോധപൂർവം വിളിച്ചുവരുത്തുന്നു. ഇത്തരം സന്ദർഭങ്ങളിൽ ഉണ്ടാകുന്ന മുഴുവൻ കുഴപ്പങ്ങളുടെയും ഉത്തരവാദിത്തം സർക്കാരിന് തന്നെയായിരിക്കുമെന്ന് ഉത്തരവാദപ്പെട്ട ഭരണകൂടം തിരിച്ചറിയേണ്ടതുണ്ട്. സർക്കാർ ഒരുക്കുന്ന കെണിയിൽ വീഴാതെ മനസ്സിനെയും ശരീരത്തെയും ധാർമിക ചിന്തകളിൽ ഒതുക്കിനിർത്തി സ്വയം നിയന്ത്രിക്കാൻ ജനങ്ങൾ തയ്യാറാവുക. സമരങ്ങൾ കൈവിട്ടും വഴിവിട്ടും പോകാതിരിക്കാൻ ഓരോ പൗരനും ജാഗ്രത പാലിക്കുക. പ്രവാചകനും അനുയായികളും ലോകത്തെ പഠിപ്പിച്ച ക്ഷമയും ആത്മസംയമനവും ആയുധമാക്കി ജനാധിപത്യ മാർഗത്തിൽ മാത്രം പ്രതിഷേധിച്ച് ആത്മവിശ്വാസത്തോടെ മുന്നോട്ടുപോവുക. അതോടെ ഏതൊരു സ്വേച്ഛാധിപതിയുടെയും 'പൗരത്വം' വേരറ്റു പോവുക തന്നെ ചെയ്യും.

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com



# ചിരിക്കുന്ന കച്ചവടക്കാരൻ

ശുഭ്രവസ്ത്രധാരിയായാണ് അന്നും അദ്ദേഹം വന്നത്. വെള്ളമുണ്ടും വെളുത്ത ഷർട്ടും വെളുത്ത തലക്കെട്ടും കെട്ടി ഭംഗിയുള്ള കറുത്ത താടിയുമായി ഓഫീസ് കാബിനിലേക്ക് വന്നു. വർഷങ്ങൾക്കു മുമ്പ് തന്നെ അദ്ദേഹവുമായി ബന്ധമുണ്ട്. സുന്ദരമായ ചിരിക്കുന്ന മുഖം പെട്ടെന്ന് മനസ്സിൽ നിന്ന് മായില്ല. കുറെ കൊല്ലങ്ങളായി ഡിപ്പാർട്ട്മെന്റുമായും അപ്പീലും കോടതി വ്യവഹാരങ്ങളിലുമായി ഏർപെട്ട് തീർപ്പാകാതെ കിടക്കുന്ന കുറച്ച് നികുതി കുടിശ്ശിക അടച്ചുതീർത്ത് സമാധാനമായി ഇരിക്കാനാണ് അന്ന് വന്നത്.

ഞാനും സഹപ്രവർത്തകനും കുറെയേറെ പണിപ്പെട്ട് പഴയ രജിസ്റ്ററുകളും ഫയലുകളും തപ്പി അതിനൊരു പരിഹാരം ഉണ്ടാക്കാൻ ശ്രമിച്ചു. എന്തായാലും ഇത്തവണ പലിശ ഒഴിവാക്കാനുള്ള പ്രത്യേക ഇളവ് പദ്ധതിയിൽ ഉൾപ്പെടുത്തി തീർപ്പാക്കി കുടിശ്ശിക അടച്ചു.



ആ സന്തോഷത്തിലാണ് എങ്ങനെ ഒരു മതപണ്ഡിതൻ കച്ചവട രംഗത്ത് എത്തി എന്ന എന്റെ സംശയം തീർത്തത്. മദ്‌റസ അധ്യാപകനായിരുന്നു പിതാവ്. ആദ്യം പിതാവിൽനിന്ന് പഠിച്ചു. പിന്നെ കോളേജിൽ പഠിച്ച് അദ്ദേഹം പിതാവിന്റെ മതാധ്യാപന രംഗത്ത് തന്നെ എത്തപ്പെട്ടു.

നാമമാത്രമായ ജോലിയും വരുമാനവും കൊണ്ട് കുടുംബത്തിലെ ദാരിദ്ര്യം തീരില്ല എന്ന് കണ്ട അദ്ദേഹം ഒരു ഓട്ടോറിക്ഷ വാങ്ങി. അതിൽ നിന്ന് കിട്ടുന്ന ചെറിയ വരുമാനം സ്വരുക്കൂട്ടി വെച്ചു. അതുകൊണ്ട് രണ്ട് ഓട്ടോകൂടി വാങ്ങി. എന്നാൽ ഓട്ടോറിക്ഷകൾക്ക് അറ്റകുറ്റ പണികൾ നടത്തേണ്ടി വന്നതോടെ കരുതിവച്ച കാശ് മുഴുവൻ തീർന്നു. നഷ്ടം വരുന്നതിന് മുമ്പേ ഓട്ടോകൾ വിറ്റു.

മദ്‌റസാ അധ്യാപനം മുടക്കരുതെന്ന നിബന്ധനയോടെ പിന്നീട് പിതാവും ബന്ധുവും നൽകിയ ചെറിയ മൂലധനം കൊണ്ട് ഒരു കുടുസ്സ് മുറിയിൽ പുസ്തകക്കട തുടങ്ങി. മദ്‌റസാപുസ്തങ്ങളും മറ്റുമായിരുന്നു പ്രധാനം. എന്നാൽ സീസൻ കഴിഞ്ഞാൽ പിന്നെ കാര്യമായ വരുമാനം ഇല്ല. വാടകയും അന്യസംസ്ഥാന തൊഴിലാളിയായ സഹായിക്ക് കൂലിയും കൊടുത്താൽ പിന്നെ ഒന്നും ബാക്കിയില്ലാത്ത അവസ്ഥ.

പിന്നീട് എ 4 പേപ്പർ കച്ചവടത്തിലേക്ക് കാൽവച്ചു. ദൂര ജില്ലയിൽ നിന്ന് സാധനം വാങ്ങി ചെറിയ ഒരു വാഹനത്തിൽ അദ്ദേഹം ഡ്രൈവറും പണിക്കാരൻ സെയിൽസ്മാനും ആയി കടകളിൽ വിൽപന തുടങ്ങി. കാര്യമായ വരുമാനം കിട്ടിയില്ലെങ്കിലും രംഗത്ത് തുടരാനുള്ള ആത്മവിശ്വാസം അതിൽ നിന്ന് കിട്ടി.

ആയിടെ സ്‌കൂൾ വിദ്യാഭ്യാസ രീതിയിൽ മാറ്റം വരികയും പ്രോജക്റ്റുകൾക്കും മറ്റും എ 4 പേപ്പറിന്റെ ആവശ്യം കൂടുകയും ചെയ്തു. കൂടുതൽ വാങ്ങി വിറ്റു. കച്ചവടം ഉഷാറായി. അന്യസംസ്ഥാനത്തു നിന്ന് പേപ്പർ നേരിട്ട് വരുത്തി വിൽക്കാൻ തുടങ്ങി. പിന്നെ നോട്ടുബുക്ക് കൂടി ഉൾപെടുത്തി. കച്ചവടം പച്ച പിടിച്ചു. അങ്ങനെ കട വിപുലീകരിച്ചു ഗോഡൗൺ ആയി. ലക്ഷങ്ങളുടെ ബിസിനസ്സിലേക്ക് വളർന്നു. കച്ചവടത്തിൽ നിന്ന് സമ്പാദ്യം ഉണ്ടായി. വാഹനങ്ങൾ വാങ്ങി. തൊഴിലാളികൾ കൂടി. സ്ഥലം വാങ്ങി. വീടുവെച്ചു. ഹജ്ജ് ചെയ്തു.

പിതാവിന് അടിയന്തിരമായി ഹൃദയ ശസ്ത്രക്രിയ നടത്താൻ ലക്ഷങ്ങൾ ഉടനടി വേണം എന്ന് ആശുപത്രി അധികൃതർ തിരക്ക് കൂട്ടിയപ്പോൾ പണം കൊണ്ടുവന്നു കൊടുത്ത വ്യാപാരിയെ അദ്ദേഹം ഇന്നും ഓർക്കുന്നു. ചിലരിൽ നിന്ന് ലക്ഷങ്ങൾ കിട്ടാനുണ്ട്. അത് കച്ചവടത്തിന്റെ ഒരു ഭാഗം ആണെന്ന് ആശ്വസിക്കുന്നു. ലക്ഷങ്ങൾ നൽകാനുള്ള ഒരാളെ വീട്ടിൽ തിരഞ്ഞു ചെന്നപ്പോൾ വീടിന്റെ ദയനീയ അവസ്ഥ കണ്ട് കുട്ടികളുടെ കയ്യിൽ കുറച്ച് രൂപ ഏൽപിച്ച മടങ്ങിപ്പോരേണ്ടി വന്ന കാര്യം അയാൾ ഓർത്തു.

എല്ലാവർക്കും ഉള്ള പോലെ, ബിസിനസ് കുറഞ്ഞു നിഴൽവീഴുന്നു എന്ന് അദ്ദേഹത്തിനും തോന്നുന്നുണ്ട്. കച്ചവട ഇനങ്ങൾ കുറച്ച് മേഖല ഒന്ന് ചുരുക്കി, ഒന്ന് ഒതുങ്ങി സ്വസ്ഥതയും സമാധാനവും കൂടുതൽ വർധിപ്പിക്കണം എന്ന് അദ്ദേഹം പറഞ്ഞു.

ഞങ്ങൾ പരസ്പരം കുടുംബ വിശേഷങ്ങളും പങ്ക് വെച്ചു. പ്രാർഥിക്കണമെന്ന വസ്വിയ്യത്തോടെയാണ് പിരിഞ്ഞത്. ചില മനുഷ്യർ അങ്ങനെയാണ്. അവർ രൂപം, വേഷം, മനോഭാവം, പെരുമാറ്റം, പുഞ്ചിരി എന്നിവ കൊണ്ട് നമ്മെ സ്വാധീനിക്കും.

മദ്‌റസാധ്യാപന ഭൂതകാലത്തെയും അന്ന് അനുഭവിച്ച ദാരിദ്ര്യത്തെയും മറക്കാതെ നാൽപത് വയസ്സ് തികയാത്ത യുവത്വത്തിൽ അദ്ദേഹം ആവശ്യത്തിന് സമ്പത്ത് നേടി എന്ന് സ്വയം തീരുമാനിച്ച് തൃപ്തിപ്പെട്ട് സ്വയം ചുരുങ്ങുന്നു. സർക്കാർ ജോലിയോ സമ്പത്തോ സ്ഥാനമാനങ്ങളോ കിട്ടുമ്പോഴേക്കും കഴിഞ്ഞ കാല കഥകൾ മാത്രമല്ല സ്രഷ്ടാവിനെ പോലും മറന്നുകളയുന്ന ഇക്കാലത്ത് ആ വെള്ളവസ്ത്രധാരിക്ക് മനസ്സിൽ നിന്നുയരുന്ന ആത്മാർഥ പ്രാർഥനകൾ.

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com

# അവസാനം അവർ ചാലിലകത്തിനെ തേടിയുമെത്തി!

കേരള മുസ്‌ലിം നവോത്ഥാനത്തിന്റെ നായകന്മാരെ എണ്ണുമ്പോൾ പ്രഥമസ്ഥാനത്ത്  കടന്നുവരുന്ന നാമങ്ങളിൽ ഒന്നാണ് ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി എന്നത്. 1866ൽ ജനിച്ച് 1919ൽ മരണപ്പെട്ട അദ്ദേഹം കേരളത്തിലെ മുസ്‌ലിം സമൂഹത്തിന് വിദ്യാഭ്യാസപരമായി ദിശാബോധം നൽകിയ വലിയ ധിഷണാശാലി തന്നെയായിരുന്നു. വാഴക്കാട്ടുനിന്ന് അദ്ദേഹം കാട്ടിക്കൊടുത്ത വഴിയിലൂടെയാണ് കേരള മുസ്‌ലിം സമൂഹം ഇപ്പോൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്. മത വിഷയങ്ങൾക്കു പുറമെ നിരവധി ഭാഷകളും വിവിധ ശാസ്ത്രജ്ഞാനങ്ങളും തന്റെ വിദ്യാർഥികൾക്കു പകർന്നു നൽകിയ ചാലിലകത്തിന്റെ വിദ്യാഭ്യാസ കേന്ദ്രം ആധുനിക യൂണിവേഴ്സിറ്റികളുടെ ഒരു പഴയ കേരള മോഡൽ തന്നെ ആയിരുന്നു. തന്റെ വിദ്യാഭ്യാസ കാഴ്ചപ്പാടുകളോട് സമൂഹത്തിൽ പലരും എതിർപ്പ് പ്രകടിപ്പിച്ചെങ്കിലും അവയെല്ലാം അതിജീവിച്ച്, ഒരു നല്ല പണ്ഡിതനിരയെ തന്നെ തന്റെ ശിഷ്യന്മാരിലൂടെ മുസ്‌ലിം കൈരളിക്ക് അദ്ദേഹം സംഭാവന ചെയ്തിട്ടുണ്ട്. കേരള മുസ്‌ലിം നവോത്ഥാന നായകന്മാരിലെ പലരും അദ്ദേഹത്തിന്റെ ശിഷ്യൻമാരോ ശിഷ്യമാരുടെ ശിഷ്യൻമാരോ ആണ്.



എന്നാൽ അദ്ദേഹത്തിന്റെ ജീവിത ചരിത്രവും ആദർശവും എന്താണെന്നറിയാതെ, ചരിത്രത്തെ വികലമായി മാത്രം വായിക്കാൻ പഠിച്ച ചിലർ തങ്ങളുടെ നേതാവായിരുന്നു അദ്ദേഹവും എന്ന് വരുത്തിത്തീർക്കാനുള്ള ചില കുത്സിതമായ ശ്രമങ്ങൾ തുടങ്ങിവച്ചിട്ടുണ്ട്. വക്കം മൗലവിയെയും മക്തി തങ്ങളെയും തങ്ങളുടെ നേതാക്കളാക്കാൻ നടത്തിയ ശ്രമം ദയനീയമായി പരാജയപ്പെട്ടപ്പോഴാണ് ഒരു പുതിയ നേതാവിനെത്തേടി ഇറങ്ങിയിരിക്കുന്നത്!

പ്രശസ്തരായ പൂർവികന്മാരുടെ അഭാവം ചരിത്രപരമായ ന്യൂനതയാണെ തിരിച്ചറിവായിരിക്കാം ഈ നേതൃചോരണത്തിന് ഇവരെ പ്രേരിപ്പിക്കുന്നത്!

യഥാർഥത്തിൽ കേരളത്തിൽ ഇന്ന് നിലവിലുള്ള മതസംഘടനകളെല്ലാം നിലവിൽ വരുന്നതിന് മുമ്പ് ജീവിച്ച ഒരു മഹാനാണ് ചാലിലകത്ത്. എന്നാൽ അദ്ദേഹം സമസ്തയുടെ നേതാവായിരുന്നു എന്ന് വരുത്തിത്തീർക്കാനുള്ള ശ്രമങ്ങളാണ് ചിലരിപ്പോൾ നടത്തുന്നത്. തങ്ങളുടെ മുൻകാല നേതാക്കന്മാരുടെ കൂട്ടത്തിൽ മുസ്‌ലിം നവോത്ഥാന രംഗത്ത് കാര്യമായ പങ്കുവഹിച്ചവരോ, ഇന്ത്യൻ സ്വാതന്ത്ര്യസമര രംഗത്ത് കാര്യമായി ഇടപെട്ടവരോ ആയ ഒരാളെയും കണ്ടെത്താൻ കഴിയാത്തതിന്റെ ജാള്യത മറക്കുവാനും വ്യസനം തീർക്കുവാനും വേണ്ടിയാവണം കേരള മുസ്‌ലിം നവോത്ഥാന നായകന്മാരെ പലരെയും പോക്കറ്റടിക്കാൻ ഇവർ ശ്രമിക്കുന്നത്. ഈ ചോരണത്തിന് അക്കാദമിക് തലത്തിൽ കൂടി പ്രചാരം ലഭിക്കാൻ ചില കൂലിയെഴുത്തുകാരെ നിശ്ചയിച്ച് വികലചരിത്രം നിർമിച്ചെടുക്കുന്ന തിരക്കിലുമാണിവർ. എന്നാൽ ചരിത്രമറിയുന്നവർ ഇത്തരം പരിശ്രമങ്ങളെ ഏറെ പരിഹാസ്യമായി മാത്രമെ കാണുകയുള്ളൂ.

കേരളത്തിൽ ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സമസ്തയുമായി ചാലിലകത്തിന് യാതൊരു ബന്ധവുമില്ല. മാത്രവുമല്ല, സമസ്ത കേരള ജംഇയ്യത്തുൽ ഉലമ മുന്നോട്ടുവെക്കുന്ന ആദർശ നിലപാടുകളുമായും അദ്ദേഹത്തിന് യാതൊരുവിധ ബന്ധവും ഉണ്ടായിരുന്നില്ല എന്നതാണ് ശരി. സമസ്തയുടെ ആദർശം എന്താണ് എന്ന് അവർ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഏറെ കുപ്രസിദ്ധമായ അവരുടെ എട്ടാം പ്രമേയം ഒന്ന് വായിച്ചാൽ എന്താണ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ മുന്നോട്ടുവെക്കുന്ന ആദർശം എന്നുള്ളത് വ്യക്തമായി മനസ്സിലാകും. ചില വരികൾ കാണുക:




"കേരളത്തിലെ മുസ്‌ലിമീങ്ങളിൽ അനേക കൊല്ലമായി നിരാക്ഷേപമായി നടന്നുവന്നതും ഇപ്പോഴും നടത്തി വരുന്നതുമായ താഴെ വിവരിക്കുന്ന കാര്യങ്ങൾ അഹ്‌ലുസ്സുന്നത്തി വൽജമാഅത്തിന്റെ ഉലമാക്കളാൽ മതാനുസരണങ്ങളാണെന്ന് സ്ഥിരപ്പെടുത്തപ്പെട്ടവയാണെന്നും ഇവ മതവിരുദ്ധങ്ങളാണെന്നോ അഥവാ ശിർക്കാണെന്നോ പറയുന്നവർ സുന്നികൾ അല്ലെന്നും അവർ ഇമാമത്തിനും ഖത്തീബ് സ്ഥാനത്തിനും കൊള്ളരുതാത്തവർ ആണെന്നും ഈ യോഗം തീരുമാനിക്കുന്നു.

സംഗതികൾ: ഒന്ന്. മരിച്ചുപോയ അമ്പിയ, ഔലിയ, സ്വാലിഹീൻ ഇവരുടെ ദാതുകൊണ്ടും ജാഹ് ഹഖ് ബർക്കത്ത് ഇത്യാദികൊണ്ടും തവസ്സുൽ (ഇടതേട്ടം) ചെയ്യുന്നതും അവരെ നേരിട്ട് വിളിക്കലും അവരെ വിളിച്ചു സഹായത്തിന് അപേക്ഷിക്കലും അവരുടെ ആസാറുകൾ കൊണ്ട് ബർക്കത്ത് മതിക്കലും..."

ഇതാണ് സമസ്ത മുന്നോട്ടുവെക്കുന്ന ആദർശങ്ങളിൽ പ്രധാനപ്പെട്ട വിശ്വാസ കാര്യങ്ങൾ! ഇതു വിശ്വസിക്കാത്തവർ സുന്നിയല്ലെങ്കിൽ ചാലിലത്ത്

'സുന്നി' (സമസ്ത) അല്ല എന്നതാണ് യാഥാർഥ്യം. ഇത്തരത്തിലുള്ള വിശ്വാസങ്ങൾ അദ്ദേഹം കൊണ്ടുനടന്നതായി അദ്ദേഹത്തിന്റെ കൃതികളിൽ എവിടെയും നമുക്ക് വായിച്ചെടുക്കാൻ സാധിക്കുന്നില്ല.

എന്നാൽ സമസ്തയുടെ മുൻഗാമികളായിരുന്ന പണ്ഡിതന്മാർ ചാലിലകത്തിനെ പല്ലും നഖവുമുപയോഗിച്ച് എതിർത്തിരുന്നു എന്ന് മാത്രമല്ല, അദ്ദേഹത്തെ വാഴക്കാട്ടു നിന്ന് പുറത്താക്കാൻ വേണ്ടി നിരവധി ശ്രമങ്ങൾ നടത്തിയിരുന്നു എന്നുള്ളതും ചരിത്രവസ്തുതയാണ്.

മദ്റസാ പരിഷ്കരണം ചാലിലകത്ത് ആണ് ആദ്യം കേരളത്തിൽ കൊണ്ടുവന്നത്. ബോർഡ് വച്ച് കുട്ടികളെ പഠിപ്പിക്കുന്ന രീതി ചാലിലകത്ത് ആവിഷ്കരിച്ചപ്പോൾ, അതിനെതിരെ നിരവധി ദുരാരോപണങ്ങളാണ് സമസ്തയുടെ ആദ്യകാല നേതാക്കന്മാർ സമൂഹത്തിൽ പ്രചരിപ്പിച്ചിരുന്നത്. ചോക്കുകൊണ്ട് ക്വുർആൻ എഴുതുമ്പോൾ ചോക്കുപൊടി താഴെ വീഴും. അതിൽ ചവിട്ടൽ ക്വുർആനിനോട് അനാദരവ് കാണിക്കലാണ്. അതിനാൽ അങ്ങനെയുള്ള വിദ്യാഭ്യാസ പരിഷ്കരണങ്ങൾ എതിർക്കപ്പെടേണ്ടതാണ് എന്നൊക്കെയായിരുന്നു അക്കാലത്ത് സമസ്തയുടെ മുൻഗാമികൾ നാടുനീളെ പ്രസംഗിച്ച് നടന്നിരുന്നത്!

വാഴക്കാട്ട് ചാലിലകത്ത് ആവിഷ്കരിച്ച വിദ്യാഭ്യാസ പദ്ധതിയെ തകർക്കാൻ വേണ്ടിയുള്ള പല ശ്രമങ്ങളും നടത്തി പരാജയപ്പെട്ടപ്പോൾ പുറത്തുനിന്ന് പല പണ്ഡിതന്മാരെയും കൊണ്ടുവന്ന് അവിടെ നിരീക്ഷകന്മാരായി നിയോഗിച്ചു. എന്നാൽ അവർ ഈ പാഠ്യപദ്ധതിയിൽ യാതൊരു കുഴപ്പവുമില്ല എന്ന് സമൂഹത്തെ അറിയിച്ചപ്പോൾ തങ്ങളുടെ ഗൂഢലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയാതെ നിരാശരാവുകയായിരുന്നു സമസ്തയുടെ മുൻഗാമികൾ.

പെൺകുട്ടികളെ സ്കൂളുകളിലേക്ക് പറഞ്ഞയക്കാൻ പാടില്ല എന്ന് പ്രസംഗിക്കുകയും അത് നടപ്പിൽ വരുത്തുകയും ചെയ്തിരുന്ന ഒരു കാലഘട്ടത്തിൽ തന്റെ പെൺകുട്ടികളെ സ്കൂളുകളിലേക്ക് പറഞ്ഞയച്ച് മാതൃകയാവുകയായിരുന്നു ചാലിലകത്ത്. അടുത്തകാലത്ത് മരണപ്പെട്ടുപോയ, സമസ്തയുടെ നേതാവായിരുന്ന എം.എ ഉസ്താദ് തന്റെ ജീവിത അനുസ്മരണത്തിൽ, തന്റെ ചെറുപ്പ കാലത്ത് പെൺകുട്ടികൾ സ്കൂളുകളിലേക്ക് പോയിരുന്നില്ല എന്ന് പറയുന്നുണ്ട്. ഇതാണ് സമസ്തക്കാരുടെ ചരിത്രമെങ്കിൽ ചാലിലകത്തിന്റെ ചരിത്രം മറ്റൊന്നായിരുന്നു എന്നതാണ് നാം കണ്ടത്.

**കേരളത്തിൽ ഇന്ന് നിലവിലുള്ള മതസംഘടനകളെല്ലാം നിലവിൽ വരുന്നതിന് മുമ്പ് ജീവിച്ച ഒരു മഹാനാണ് ചാലിലകത്ത്. എന്നാൽ അദ്ദേഹം സമസ്തയുടെ നേതാവായിരുന്നു എന്ന് വരുത്തിത്തീർക്കാനുള്ള ശ്രമങ്ങളാണ് ചിലരിപ്പോൾ നടത്തുന്നത്. തങ്ങളുടെ മുൻകാല നേതാക്കന്മാരുടെ കൂട്ടത്തിൽ മുസ്‌ലിം നവോത്ഥാന രംഗത്ത് കാര്യമായ പങ്കുവഹിച്ചവരോ, ഇന്ത്യൻ സ്വാതന്ത്ര്യസമര രംഗത്ത് കാര്യമായി ഇടപെട്ടവരോ ആയ ഒരാളെയും കണ്ടെത്താൻ കഴിയാത്തതിന്റെ ജാള്യത മറക്കുവാനും വ്യസനം തീർക്കുവാനും വേണ്ടിയാവണം കേരള മുസ്‌ലിം നവോത്ഥാന നായകന്മാരെ പലരെയും പോക്കറ്റടിക്കാൻ ഇവർ ശ്രമിക്കുന്നത്. ഈ ചോരണത്തിന് അക്കാദമിക് തലത്തിൽ കൂടി പ്രചാരം ലഭിക്കാൻ ചില കൂലിയെഴുത്തുകാരെ നിശ്ചയിച്ച് വികലചരിത്രം നിർമിച്ചെടുക്കുന്ന തിരക്കിലുമാണിവർ. എന്നാൽ ചരിത്രമറിയുന്നവർ ഇത്തരം പരിശ്രമങ്ങളെ ഏറെ പരിഹാസ്യമായി മാത്രമെ കാണുകയുള്ളൂ.**

ചാലിലകത്തിനെ വാഴക്കാട്ടുനിന്ന് പുറത്താക്കാൻ വേണ്ടി പതിനെട്ടടവും പയറ്റിയ സമസ്തയുടെ മുൻകാല നേതാക്കന്മാരുടെ ചരിത്രമറിയാത്ത പിൻഗാമികൾ ഇന്ന് അദ്ദേഹത്തെ മഹാനായ നേതാവായി വാഴിക്കാൻ ശ്രമിക്കുന്നത് കാണുമ്പോൾ സഹതാപം മാത്രമാണ് തോന്നുന്നത്.

പെൺകുട്ടികൾക്കുവേണ്ടി മദ്റസതുൽ ബനാത്ത് നിർമിച്ചു എന്ന കാരണത്താലാണ് വാഴക്കാടുനിന്ന് അദ്ദേഹത്തെ പുകച്ച് ചാടിച്ചത്. എന്നിട്ട് ഇവരിപ്പോൾ എവിടെ മൈക്കുകിട്ടിയാലും മദ്റസയുടെ എണ്ണവും വലിപ്പവും കുട്ടികളുടെ എണ്ണവും പറഞ്ഞ് മേനി ന



ടിക്കുകയും ചെയ്യുന്നു! വല്ലാത്ത അത്ഭുതം തന്നെ!

കേരളത്തിലെ വഹാബി പ്രസ്ഥാനത്തിന്റെ നേതാവായി സമസ്തക്കാർ പരിചയപ്പെടുത്തുന്ന മഹാനായ കെ എം. മൗലവി ചാലിലകത്തിന്റെ പ്രധാന ശിഷ്യനായിരുന്നു. ചാലിലകത്തിന്റെ ഗ്രന്ഥങ്ങളും രചനകളും കത്തുകളും എല്ലാം എഴുതിയിരുന്നത് കെ. എം മൗലവിയായിരുന്നു. അക്കാരണത്താലാണ് 'കാതിബ്' എന്ന അപരനാമം അദ്ദേഹത്തിന് കിട്ടിയത്. പൂർണ സലഫി ആശയകാരനായ ഒരു വ്യക്തിയെ തന്റെ എഴുത്തുകാരനായി നിയോഗിച്ചതിലൂടെ എന്താണ് ചാലിലകത്ത് സമൂഹത്തിന് നൽകുന്ന സന്ദേശം? വഹാബികളെ കണ്ടാൽ സലാം പറയൽ പോലും മഹാപാതകമായിരുന്ന കാലത്താണിതെന്നോർക്കണം!

തന്റെ മകളെ കെ.എം മൗലവിക്ക് വിവാഹം ചെയ്തു കൊടുത്തതും ചാലിലകത്ത് തന്നെയായിരുന്നു. ചാലിലകത്തിന്റെ ആൺമക്കളായിരുന്ന എം.സി.സി അബ്ദുറഹ്മാൻ മൗലവി, എം.സി.സി അഹ്മദ് മൗലവി, എം.സി .സി ഹസൻ മൗലവി എന്നിവർ കേരളത്തിലെ സലഫികളുടെ നേതാക്കളായിരുന്നു എന്നത് ആർക്കും നിഷേധിക്കാവില്ല. ഇതിൽ എം.സി.സി അബ്ദുറഹ്മാൻ മൗലവിയാണ് ഇന്ന് പുളിക്കലിൽ പ്രവർത്തിക്കുന്ന മദീനതുൽ ഉലൂം എന്ന, നിരവധി മുജാഹിദ് പണ്ഡിതന്മാരെ വാർത്തെടുത്ത മഹത്തായ സ്ഥാപനത്തിന്റെ ശിൽപി.

പെൺകുട്ടികൾക്ക് കയ്യെഴുത്തു പഠിക്കാൻ പാടില്ലെന്നും അത് മക്റൂഹാണെന്നും പ്രമേയം പാസാക്കിയ സംഘടയായ സമസ്ത അടുത്ത കാലം വരെ സ്വന്തം മദ്റസകളിൽ പെൺകുട്ടികൾക്ക് വാചികമായി മാത്രം പരീക്ഷ നടത്തിയിരുന്നു എന്നത് നിഷേധിക്കാൻ കഴിയുമോ? പെൺകുട്ടികൾക്ക് പ്രത്യേകമായി മദ്റസതുൽ ബനാത്ത് ഉണ്ടാക്കുകയും തന്റെ പെൺമക്കളെ സ്കൂളിൽ വിട്ട് എഴുത്തു പഠിപ്പിക്കുകയും ചെയ്ത ചാലിലകത്തിനെ നേതാവായി അംഗീകരിക്കുന്നത് കാണുമ്പോൾ സഹതാപമാണ് തോന്നുന്നത്. ഇവരുടെ ചരിത്രബോധം എത്ര മേൽ പരിഹാസ്യമാണ്!

ചാലിലകത്തിനെ കൊള്ളുമ്പോൾ സ്ത്രീ വിദ്യാഭ്യാസത്തിനെതിരെ കൊട്ടുംകുരവയുമായി ഓടിനടന്ന തങ്ങളുടെ നേതാക്കളെ മുഴുവനും തള്ളുകയാണ് എന്ന ബോധം ഈ പുത്തൻ കൂലിയെഴുത്തുകാർക്ക് ഉണ്ടോ ആവോ?

സലഫിയായിരുന്ന അബുൽ കലാം ആസാദിന്റെ 'ഹിലാൽ' മാസികയുടെ സ്ഥിരം വായനക്കാരനായിരുന്നു ചാലിലകത്ത്. വഹാബികളുടെ ഒരു തുണ്ടം വരി പോലും കയ്യിൽ കണ്ടാൽ 'ഉമ്മത്തിൽ' നിന്നു തന്നെ പുറത്താകുമായിരുന്ന കാലത്താണിതെന്നോർക്കണം!

ശുദ്ധ മലയാളം പോലും പഠിക്കാൻ പാടില്ലാതിരുന്ന കാലത്ത് മലയാളവും അറബിയും ഫാർസിയും ഒക്കെ പഠിപ്പിച്ച ഒരു ധീരനായ പരിഷ്കർത്താവാണ് ചാലിലകത്ത്. 'തസ്ഹീലു അദ്ഹാനിൽ ഇഖ്‌വാൻ ഫീ തഅ്‌ലീമി സബാനേ ഹിന്ദുസ്ഥാൻ' എന്ന കൃതി ഈ ലക്ഷ്യത്തിനു വേണ്ടി അദ്ദേഹം രചിച്ചതാണ്.

അതുകൊണ്ട് ചരിത്രത്തെ വ്യാകരണപ്പിശകില്ലാതെ വായിക്കാൻ സമസ്തക്കാർ പഠിക്കേണ്ടതുണ്ട്. ചരിത്രത്തെ വികലമാക്കി ഒരു അസത്യം സ്ഥാപിക്കണമെങ്കിൽ ദശക്കണക്കിന് ചരിത്ര സത്യങ്ങളെ ഇല്ലായ്മ ചെയ്യേണ്ടിവരും. അതിനാൽ ചാലിലകത്തിനെ ചാക്കിട്ടു പിടിക്കാൻ കണ്ടുവച്ച ചാക്ക് തൽക്കാലം മൂലയിൽ തന്നെ കിടന്നോട്ടെ!

മൂസ സ്വലാഹി, കാര
moosakara001@gmail.com

ലേഖനം



# മതവിമുഖത: ചില അടിസ്ഥാന കാരണങ്ങൾ

കാരുണ്യം, സമാധാനം, ഉത്കൃഷ്ടത, എളുപ്പം എന്നീ സവിശേഷതകൾ ഒത്തുചേർന്നതും ഇരുലോക ജീവിതത്തിലും നിർഭയത്വം നൽകുന്നതുമായ നേരിന്റെ മാർഗമാണ് ഇസ്‌ലാം. എന്നാൽ ചില ദുരുദ്ദേശ്യക്കാർ ഇതിനെ പ്രയാസം, ഞെരുക്കം, തീവ്രത, ഭീകരത എന്നീ പ്രയോഗങ്ങൾ കൊണ്ട് പരിചയപ്പെടുത്തുന്നത് കാണാം.

നേർമാർഗ ജീവിതം, സത്യസന്ധത, ഗുണകാംക്ഷ, സൽകർമനിഷ്ഠ തുടങ്ങിയ സദ്ഗുണങ്ങളിലേക്ക് വഴി കാണിക്കുന്ന മതാധ്യാപനങ്ങളെ ബലപ്രയോഗമായും അടിച്ചേൽപിക്കലായും കാണുന്ന ദുഷ്ചിന്തകർ അധികരിച്ചു വരുന്നു എന്നത് ഈ കാലഘട്ടത്തിലെ വലിയ അപകടവും പരീക്ഷണവുമാണ്. മത, ഭൗതിക വിജ്ഞാന പഠിതാക്കളെ പ്രത്യേകം കേന്ദ്രീകരിച്ച് ഇത്തരക്കാരുടെ ഓപ്പറേഷൻ സജീവമാകുന്നതായി കാണുവാൻ സാധിക്കുന്നു.

അബദ്ധ ധാരണകളെ തെളിവുകളുടെ വെളിച്ചത്തിൽ മാറ്റിയെടുക്കാൻ ശ്രമിക്കുക എന്നതാണ് ഇതിനുള്ള പരിഹാരമാർഗം. എന്നാൽ മനഃപൂർവം സത്യം മറച്ചുവെക്കുകയും തെറ്റുധരിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നവരെ മാറ്റിയെടുക്കൽ അസാധ്യമാണ്. ഉറക്കം നടിച്ച് കിടക്കുന്നവരെ ഉണർത്താൻ സാധിക്കുകയില്ലല്ലോ.

അല്ലാഹു പറയുന്നു: "മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേ ഇല്ല. സൻമാർഗം ദുർമാർഗത്തിൽ നിന്ന് വ്യക്തമായി വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു. ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപ്പോകുകയേ ഇല്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (ക്വുർആൻ 2:256).

അല്ലാഹു തൃപ്തിപ്പെട്ട്, അനുഗ്രഹമായി പൂർത്തിയാക്കിത്തന്ന ഇസ്‌ലാമിനെ വെറുക്കുവാനും വർജിക്കുവാനും ഇറങ്ങിത്തിരിച്ച മുസ്‌ലിം നാമധാരികൾ ഇസ്‌ലാമിനെ അധിക്ഷേപിക്കുന്നതിനെ പുരോഗമനത്തിന്റെ അടയാളമായാണ് കാണുന്നത്. അവർ ഇസ്‌ലാമിന്റെ അടയാളങ്ങളെ ദുരുപയോഗം ചെയ്യുന്നതോടൊപ്പം മത നിയമങ്ങൾക്ക് നേരെ പല്ലിളിച്ച് കാണിക്കുകയും മതചിഹ്നങ്ങളെ അവഹേളിക്കുകയും ചെയ്യുന്നു.

ദൈവിക കൽപനകൾ അനുസരിക്കുമ്പോഴാണ് ഒരാൾ സത്യസന്ധനായ മുസ്‌ലിമാവുക എന്നത് പ്രവാചകന്റെ അധ്യാപനമാണ്.

അല്ലാഹു പറയുന്നു: "പറയുക: തീർച്ചയായും എന്റെ പ്രാർഥനയും എന്റെ ആരാധനാകർമങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. അവന്ന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. (അവന്ന്) കീഴ്‌പെടുന്നവരിൽ ഞാൻ ഒന്നാമനാണ്" (ക്വുർആൻ6:162,163).

സ്വന്തം അഭിപ്രായങ്ങൾ മാത്രം അവലംബിച്ചും ഇഷ്ടമുള്ള ആശയം കൊണ്ടുനടന്നും ഇസ്‌ലാമിന്റെ പേരിൽ വികല വാദങ്ങൾ പ്രചരിപ്പിച്ചും ഇസ്‌ലാമെന്ന സത്യമാർഗത്തെ അപഹസിച്ചു നടക്കുന്നവരിൽ പൊതുവായി കാണുന്ന ചില കാര്യങ്ങളുണ്ട്.

### വിശ്വാസ ദുർബലത

മതാവഗണന രക്തത്തിൽ കലർന്നവർക്ക് മതനിർദേശങ്ങളെ സംശയദൃഷ്ടിയോടെ കാണാനേ കഴിയൂ. ഇത് മൂലം വിശ്വാസത്തിന്റെ അളവ് കുറയുകയും അവിശ്വാസത്തിന്റെ ആഴം കൂടുകയും ചെയ്യും. വിശ്വാസ ദൃഢത കൈമുതലാക്കലാണ് സത്യസന്ധരാകാനുള്ള പ്രധാന വഴി.

അല്ലാഹു പറയുന്നു: "അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളും കൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്തവരാരോ അവർ മാത്രമാകുന്നു സത്യവിശ്വാസികൾ. അവർ തന്നെയാകുന്നു സത്യവാൻമാർ" (49:15).

മനസ്സും വാക്കും പ്രവൃത്തിയും ഒരേ ദിശയിൽ സഞ്ചരിക്കുമ്പോഴാണ് വിശ്വാസ സംസ്‌കരണം സാധ്യമാവുക. സംസാരിക്കുമ്പോൾ അനാവശ്യമായി നാക്കിട്ടടിക്കുന്നവർക്കും പ്രവർത്തിക്കുമ്പോൾ തിടുക്കം കൂട്ടുന്നവർക്കും അതിനൊത്ത സത്യസന്ധത ഉണ്ടാകണമെന്നില്ല.

നബിﷺയിൽ നിന്ന് മദീനത്തേക്കുള്ള പലായന അനുമതി ലഭിച്ചിട്ടും പോകാതെ പിറകോട്ട് നിന്നവരും മക്ക വിജയിക്കട്ടെ എന്നിട്ട് വിശ്വസിക്കാം എന്ന നിലപാടെടുത്തവരും പിന്നീട് മതം വിട്ടവരായി മാറിയതാണ് ചരിത്രം. പുറമെ വിശ്വാസം നടിച്ച് കാപട്യം ഉള്ളിലൊളിപ്പിച്ചവരുടെ തനിയാവർത്തനമാണ് ഇന്ന് കാണുന്നതെല്ലാം.

**മതത്തിന്റെ ചട്ടക്കൂടിൽ ഒതുങ്ങി നിൽക്കാൻ കഴിയാത്തവരാണ് ഫെമിനിസ്റ്റുകൾ, യുക്തിവാദികൾ, നവനാസ്തികർ, സ്വതന്ത്ര ചിന്തകർ എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്നത്. ഇവർ ഒറ്റക്കെട്ടാണ്; ധാർമിക സദാചാര മൂല്യങ്ങളെ ഇല്ലായ്മ ചെയ്യുന്ന വിഷയത്തിൽ. വർത്തമാനകാലത്ത് സാമൂഹ്യമാധ്യമങ്ങളിലാണ് കൂടുതലായും ഇവരുടെ വിളയാട്ടം. വായനക്കാർ തെറ്റുധരിക്കും വിധത്തിൽ പൊള്ളത്തരങ്ങൾ പടച്ചുവിട്ട് അതിന് കിട്ടുന്ന ലൈക്കും കമന്റും ഷെയറും കണ്ട് നിർവൃതിയടയുന്നതിലാണ് ഇവർക്ക് താൽപര്യം. ഇസ്‌ലാമിനെ നന്നാക്കുക എന്ന ജോലി ആരോ ഇവരെ ഏൽപിച്ചിട്ടുണ്ടെന്ന് തോന്നും ഇവരുടെ പ്രവർത്തനം കണ്ടാൽ.**

**പക്ഷപാതിത്തം**

മതത്തിന്റെ ചട്ടക്കൂടിൽ ഒതുങ്ങി നിൽക്കാൻ കഴിയാത്തവരാണ് ഫെമിനിസ്റ്റുകൾ, യുക്തിവാദികൾ, നവനാസ്തികർ, സ്വതന്ത്ര ചിന്തകർ എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്നത്. ഇവർ ഒറ്റക്കെട്ടാണ്; ധാർമിക സദാചാര മൂല്യങ്ങളെ ഇല്ലായ്മ ചെയ്യുന്ന വിഷയത്തിൽ.



വർത്തമാന കാലത്ത് സാമൂഹ്യമാധ്യമങ്ങളിലാണ് കൂടുതലായും ഇവരുടെ വിളയാട്ടം. വായനക്കാർ തെറ്റുധരിക്കും വിധത്തിൽ പൊള്ളത്തരങ്ങൾ പടച്ചുവിട്ട് അതിന് കിട്ടുന്ന ലൈക്കും കമന്റും ഷെയറും കണ്ട് നിർവൃതിയടയുന്നതിലാണ് ഇവർക്ക് താൽപര്യം. ഇസ്‌ലാമിനെ നന്നാക്കുക എന്ന ജോലി ആരോ ഇവരെ ഏൽപിച്ചിട്ടുണ്ടെന്ന് തോന്നും ഇവരുടെ പ്രവർത്തനം കണ്ടാൽ.

**ഐഹിക പ്രമത്തത**

ഏത് തരം ക്രൂരതയ്ക്കും ആരെയും പ്രേരിപ്പിക്കുന്ന ഒന്നാണിത്. മതബോധത്തിൽ നിന്ന് പലരും അകലുന്നതും ഇത് മൂലമാണ്. സ്ഥാനമാനങ്ങൾ, ആഡംബര ജീവിതം, ഭൗതിക വിഭവങ്ങളുടെ അമിതാസ്വാദനം... ഇതിലൊക്കെയാണ് ഇത്തരം ഭൗതിക വാദികൾക്ക് താൽപര്യം.

എന്നാൽ മതനിഷ്ഠയുള്ളവർ അല്ലാഹുവിന്റെ വാക്കിനെ ശ്രദ്ധിക്കുന്നതിനാൽ ഭൗതിക സുഖങ്ങൾക്ക് അമിത പ്രാധാന്യം നൽകില്ല. അല്ലാഹു പറയുന്നു: "തങ്ങളുടെ രക്ഷിതാവിന്റെ മുഖം ലക്ഷ്യമാക്കിക്കൊണ്ട് കാലത്തും വൈകുന്നേരവും അവനോട് പ്രാർഥിച്ച് കൊണ്ടിരിക്കുന്നവരുടെ കൂടെ നീ നിന്റെ മനസ്സിനെ അടക്കി നിർത്തുക. ഇഹലോകജീവിതത്തിന്റെ അലങ്കാരം ലക്ഷ്യമാക്കിക്കൊണ്ട് നിന്റെ കണ്ണുകൾ അവരെ വിട്ടുമാറിപ്പോകാതിരിക്കട്ടെ. ഏതൊരുവന്റെ ഹൃദയത്തെ നമ്മുടെ സ്മരണയെ വിട്ടു നാം അശ്രദ്ധമാക്കിയിരിക്കുന്നുവോ, ഏതൊരുവൻ തന്നിഷ്ടത്തെ പിന്തുടരുകയും അവന്റെ കാര്യം അതിരുകവിഞ്ഞതായിരിക്കുകയും ചെയ്തുവോ, അവനെ നീ അനുസരിച്ചു പോകരുത്" (ക്വുർആൻ 18:28).

**നന്മയോടുള്ള വിമുഖത**

നന്മകൾക്ക് വേണ്ടി മാത്രം നിലകൊള്ളുന്ന ഇസ്‌ലാം ഒരു ചെറിയ തിന്മക്ക് പോലും അവസരം കൊടുക്കുന്നില്ല. മത പരിധിയിൽ വരുന്ന എല്ലാ കാര്യങ്ങളും ധാർമികവും സംസ്‌കാര സമ്പന്നവുമാണ്. ഒന്നിച്ചും ഒറ്റയ്ക്കും ചെയ്യേണ്ട നന്മകൾ പഠിപ്പിക്കുന്നതോടൊപ്പം വിവിധ സന്ദർഭങ്ങളിൽ സംഭവിക്കാനിടയുള്ള തിന്മകൾക്ക് മുമ്പിൽ ശക്തമായ വേലി തീർക്കുകയും ചെയ്യുന്നു ഇസ്‌ലാം.

സൽകർമങ്ങളെ അവഗണിക്കുന്നതോടൊപ്പം പാപങ്ങളുടെ മൊത്തവിതരണക്കാരായി പരിണമിച്ച സ്വതന്ത്ര ചിന്തകർ അല്ലാഹുവിനെ പരിഹസിക്കാനും നബിﷺയുടെ വ്യക്തിത്വത്തെ ചോദ്യം ചെയ്യാനും പരിശുദ്ധ ക്വുർആൻ തെറ്റുകൾ നിറഞ്ഞതും വൈരുധ്യങ്ങളുടെ കലവറയുമാണെന്ന് പുലമ്പാനും മടിയില്ലാത്തവരാണ്. ആരുമായും വ്യഭിചരിക്കാം; ഉഭയകക്ഷി സമ്മത പ്രകാരമാണെങ്കിൽ എന്നുവരെ പറയുന്നിടത്തേക്ക് ഇവർ എത്തിയിരിക്കുന്നു. ഇത്തരം വ്യക്തി താൽപര്യങ്ങളെ സംരക്ഷിക്കുവാൻ മതത്തെ ആക്ഷേപിക്കുകയാണിവർ ചെയ്തുകൊണ്ടിരിക്കുന്നത്.

അല്ലാഹു പറയുന്നു: "പറയുക: എന്റെ രക്ഷിതാവ് നിഷിദ്ധമാക്കിയിട്ടുള്ളത് പ്രത്യക്ഷമായതും പരോക്ഷമായതുമായ നീചവൃത്തികളും അധർമവും ന്യായം കൂടാതെയുള്ള കയ്യേറ്റവും യാതൊരു പ്രമാണവും അല്ലാഹു ഇറക്കിത്തന്നിട്ടില്ലാത്തതിനെ അവനോട് നിങ്ങൾ പങ്കുചേർക്കുന്നതും അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കു വിവരമില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതും മാത്രമാണ്" (ക്വുർആൻ 7:33).

'ഒന്നിച്ചുയരാം മാനവികതയിലേക്ക്' എന്നതാണ് നവ സ്വതന്ത്രവാദികളുടെ ഇപ്പോഴത്തെ മുദ്രാവാക്യം. മാനവികതയെ മൊത്തത്തിൽ നശിപ്പിക്കാനുള്ള അജണ്ടയുമായി ഇറങ്ങിത്തിരിച്ചവർക്ക് എങ്ങനെ സമൂഹത്തെ മാനവികതയിലേക്കുയർത്താൻ കഴിയും? ആ പദം ഉച്ചരിക്കാനുള്ള ധാർമികാവകാശം പോലും ഇവർക്കില്ല.

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**തിരുമൊഴികൾ**
ഭക്ഷണം പങ്കുവെക്കുക
കെ വി മുഹമ്മദലി
30.12.19 തിങ്കൾ 06:25 AM

**റിയാളുസ്സ്വാലിഹീൻ**
കഅബ് (റ)യുടെ ദുഃഖം
മുജീബ് റഹ്മാൻ സ്വലാഹി
30.12.19 തിങ്കൾ 06:05 AM

**ആരോഗ്യ വിചാരം**
തണുപ്പ്: നാം ശ്രദ്ധിക്കേണ്ടത്, ഭാഗം: 1
ഡോ.സഫീർ, നബീൽ പയ്യോളി
30.12.19 തിങ്കൾ 09:25 PM

**ദൃശ്യം**
സാഹസിക സഞ്ചാരികൾക്കായി
ഒരു പ്രകൃതി വിസ്മയം
നിസാർ ദേവാല, അബ്ദുസലാം
01.01.20 ബുധൻ 08:20 PM

**ഇൻസൈറ്റ്**
ഇസ്‌ലാം: സ്ത്രീത്വത്തെ അപമാനിച്ചുവോ?
ഷമീർ മദീനി
02.01 വ്യാഴം 06:30 PM


**വഴികാട്ടി**
കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (KAS):
അറിയേണ്ടതെല്ലാം
മുനീർ വളവന്നൂർ നസീർ മാസ്റ്റർ
02.01 വ്യാഴം 09:25 PM

**തജവീദ് പഠനം**
തൊണ്ടയുടെ അക്ഷരങ്ങളുടെ
ഉച്ചാരണത്തിൽ വരുന്ന അബദ്ധങ്ങൾ
അബ്ദുല്ല സമീർ മദീനി
03.01.20 വെള്ളി 03:45 PM

**ഇൻസൈറ്റ്**
ജീവിത ലക്ഷ്യം
റഷീദ് കുട്ടമ്പൂർ
04.01.20 ശനി 06:30 PM

**സവിശേഷം**
തളരുന്നവർക്ക് പോരാടാൻ പഠിക്കാൻ
ഒരു പാഠ പുസ്തകം, ഭാഗം: 2
നവാസ് എടപ്പാൾ (ചാർട്ടേർഡ് അക്കൗണ്ടന്റ്, പൊന്നാനി ജി.എസ്.ടി ഓഫീസർ)
ഇബ്നു അലി (പീസ് റേഡിയോ പ്രതിനിധി)
05.01 ഞായർ 09:25 PM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code



നബീൽ പയ്യോളി
nabeelpayyoly@gmail.com

ലേഖനം


# പ്രതീക്ഷകൾക്ക് നിറം പകർന്ന് ഝാർഖണ്ഡ്

ആശങ്കയുടെ ഇരുൾമൂടിയ രാജ്യത്ത് പ്രതീക്ഷയുടെ കുളിർമഴയായി പെയ്തിറങ്ങി ഝാർഖണ്ഡ് നിയമസഭയിലേക്ക് നടന്ന ഇലക്ഷൻ ഫലം. ബിജെപി ഭരണം കയ്യാളിയ സംസ്ഥാനത്ത് ദയനീയ പരാജയം ഏറ്റുവാങ്ങിയ കാഴ്ചയാണ് കണ്ടത്. ആകെയുള്ള 81 സീറ്റുകളിൽ 47 ഇടങ്ങളിൽ വിജയിച്ച് മഹാസഖ്യം അധികാരത്തിൽ എത്തി. 25 സീറ്റുകൾ മാത്രമാണ് ബിജെപിക്ക് നേടാനായത്. 30 സീറ്റുകൾ നേടിയ, മഹാ സഖ്യത്തിലെ പ്രധാന കക്ഷിയായ ഝാർഖണ്ഡ് മുക്തി മോർച്ചയാണ് ഏറ്റവും വലിയ കക്ഷി. കോൺഗ്രസ്സ് 16 സീറ്റിലും ഒരു സീറ്റിൽ ലാലു പ്രസാദിന്റെ ആർജെഡിയും വിജയം നേടി. എജെഎസ്‌യു 2, ജെവിഎം(പി) 3, എൻസിപി 1, സിപിഐഎംഎൽ 1, സ്വതന്ത്രർ 2 എന്നിങ്ങനെയാണ് സീറ്റുനില. ജെഎംഎമ്മിന്റെ ഗോത്രവർഗ വോട്ടും കോൺഗ്രസ്സിന്റെ ന്യൂനപക്ഷ വോട്ടും ആർജെഡിയുടെ യാദവ വോട്ടും ഒരുമിച്ചപ്പോൾ ബിജെപിക്ക് അടിതെറ്റി. ജെഎംഎം നേതാവ് ഹേമന്ത് സോറൻ മുഖ്യമന്ത്രിയായി അധികാരമേറ്റു.

നവംബർ 30, ഡിസംബർ 7,12,16, 20 എന്നിങ്ങനെ അഞ്ച് ഘട്ടങ്ങളിലായാണ് ഝാർഖണ്ഡ് നിയമസഭാ തെരഞ്ഞെടുപ്പ് നടന്നത്. ഡിസംബർ 23ന് ഫലപ്രഖ്യാപനവും നടന്നു. ജംഷഡ്പൂർ ഈസ്റ്റിൽ ബിജെപി മുഖ്യമന്ത്രി സ്ഥാനാർഥി രഘുബർ ദാസ് 15,833 വോട്ടിനു തോറ്റു. പാർട്ടി അധ്യക്ഷന്റെ ദയനീയ തോൽവിയും പരാജയത്തിന്റെ ആഘാതം വർധിപ്പിച്ചു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ ബിജെപി 35 സീറ്റും സഖ്യകക്ഷിയായ എജെഎസ്‌യു 17 സീറ്റും നേടിയാണ് അധികാരത്തിലെത്തിയത്. ഈ ഇലക്ഷനിൽ സീറ്റ് വിഭജന തർക്കത്തെ തുടർന്ന് ഇരുപാർട്ടികളും ഒറ്റക്ക് മത്സരിക്കുകയായിരുന്നു. ഒറ്റക്ക് മത്സരിച്ച് ഏറ്റവും വലിയ ഒറ്റക്കക്ഷിയാകാം എന്നതായിരുന്നു ബിജെപിയുടെ കണക്ക് കൂട്ടൽ. ഏറ്റവും വലിയ ഒറ്റക്കക്ഷിയായാൽ ചെറുകക്ഷികളെ വലയിലാക്കി സർക്കാർ രൂപീകരിക്കാൻ സാധിക്കും എന്ന പ്രതീക്ഷയും അവർ വെച്ചുപുലർത്തിയിരുന്നു.

കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിൽ 81ൽ 63 ഇടങ്ങളിലും എൻഡിഎ ആയിരുന്നു ലീഡ് ചെയ്തത് എന്നത് കൂടി ചേർത്ത് വായിക്കുമ്പോഴാണ് പരാജയത്തിന്റെ ആഴം ബോധ്യമാവുക. പശുവിന്റെ പേരിലും മറ്റും ആൾക്കൂട്ട കൊലപാതകത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിൽ മാത്രം 20 പേരാണ് ഝാർഖണ്ഡിൽ മരിച്ചത്. ഇത് നിയമസഭയിൽ ചർച്ച ചെയ്യപ്പെടുക പോലും ഉണ്ടായിട്ടില്ല. ഇത്തരം കൊലപാതകങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകാതിരുന്നത് ന്യൂനപക്ഷങ്ങൾക്കിടയിൽ വലിയ അമർഷവും പ്രതിഷേധവും സൃഷ്ടിച്ചു. സംസ്ഥാനത്ത് 14.5 ശതമാനം വരുന്ന മുസ്‌ലിം സമൂഹത്തെ അന്യവത്കരിക്കാനും തുടർച്ചയായ അക്രമങ്ങൾക്ക് വിധേയമാക്കാനുമായിരുന്നു സർക്കാർ ഒത്താശ ചെയ്തത്. ഇത് ന്യൂനപക്ഷ വോട്ടുകൾ പ്രതിപക്ഷത്തിന് അനുകൂലമായി ലഭിക്കാൻ കാരണമായി. 26 ശതമാനത്തിൽ അധികം വരുന്ന ആദിവാസി ഗോത്ര വർഗങ്ങളെ അവഗണിച്ചതും അവർക്കെതിരെയുള്ള നിലപാടുകളും തെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചു എന്നാണ് ഫലം വ്യക്തമാക്കുന്നത്. ഭൂമി ഏറ്റെടുക്കൽ നിയമ ഭേദഗതി തങ്ങളുടെ അവകാശങ്ങളെ ഹനിക്കുന്നതാണെന്ന് അവർ മനസ്സിലാക്കി. ഝാർഖണ്ഡ് ആദിവാസി മുക്ത സംസ്ഥാനമാക്കും എന്ന മുഖ്യമന്ത്രിയുടെ പ്രസ്താവന തെരഞ്ഞെടുപ്പിൽ വലിയ ചർച്ചയാവുകയും അത് ഫലത്തെ ബാധിക്കുകയും ചെയ്തു. രാജ്യസഭയിൽ പ്രതിപക്ഷത്തിന്റെ അംഗബലം വർധിക്കാൻ കൂടി ഈ നേട്ടം സഹായകമാകും എന്നത് ശുഭകരമാണ്. ഈ ഫലം ജനാധിപത്യ വിരുദ്ധ നിലപാടുകളിൽ പുനർവിചിന്തനം നടത്താൻ കേന്ദ്ര സർക്കാരിനെ പ്രേരിപ്പിക്കും എന്ന പ്രതീക്ഷയാണ് ജനാധിപത്യ വിശ്വാസികൾ വെച്ചുപുലർത്തുന്നത്.

ഝാർഖണ്ഡ് പരാജയത്തോടെ ഈവർഷം ബിജെപിക്ക് നഷ്ടമാകുന്നത് തങ്ങൾ ഭരണം കയ്യാളിയിരുന്ന അഞ്ചാമത്തെ സംസ്ഥാനമാണ്. മധ്യപ്രദേശ്, രാജസ്ഥാൻ, ഛത്തീസ്ഘട്ട്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ ബിജെപി ഇതര സർക്കാരുകളാണ് ഭരണത്തിൽ. കർണാടകയിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ വിജയിക്കാനായത് മാത്രമാണ് തുടർച്ചയായ പരാജയം ഏറ്റ് വാങ്ങുന്നു എന്നതിനെതിരെ പറയാനുള്ള ഏക കാര്യം. 2017ൽ ഹിന്ദി ഹൃദയഭൂമിയിൽ അടക്കം രാജ്യത്തെ 70 ശതമാനം സംസ്ഥാനങ്ങളിലും ആധിപത്യം ഉറപ്പിച്ചായിരുന്നു ബിജെപിയുടെ തേരോട്ടം. അത് ഇപ്പോൾ 34 ശതമാനമായി കുറഞ്ഞിരിക്കുന്നു. കാവി പുതച്ച ഇന്ത്യയെന്ന പ്രചാരണം സാമൂഹ്യ മാധ്യമ



ങ്ങളിൽ അടക്കം വലിയ തോതിൽ ബിജെപി ആയുധമാക്കിയിരുന്നു. അവർക്ക് വലിയ ആത്മവിശ്വാസം നൽകാനും അതിലൂടെ സാധ്യമായിരുന്നു. ഇപ്പോൾ അതിന് നിറം മങ്ങി. 2017 ഉം 2019 ഉം താരതമ്യം ചെയ്ത ഇന്ത്യൻ മാപ്പുകൾ ഇന്ന് സാമൂഹ്യ മാധ്യമങ്ങളിൽ വൈറലാണ്. ബിജെപിയുടെ പ്രതീക്ഷകൾ അസ്തമിക്കുന്നു എന്ന് തന്നെയാണ് ഈ ഫലങ്ങൾ വിളിച്ചുപറയുന്നത്. ഭൂരിപക്ഷത്തിന്റെ മറവിൽ തങ്ങളുടെ ഒളിയജണ്ടകൾ നടപ്പിലാക്കാൻ കഴിഞ്ഞ രണ്ട് ഘട്ടങ്ങളിലും നരേന്ദ്രമോഡി സർക്കാർ ശ്രമിച്ചു പോന്നിട്ടുണ്ട്. അതിന് ജനാധിപത്യ ഇന്ത്യ നൽകിയ തിരിച്ചടിയാണ് തുടർച്ചയായ കനത്ത പരാജയം.

ബാബരി മസ്ജിദ്, ആൾക്കൂട്ട കൊലപാതകങ്ങൾ, ദളിത്-ന്യൂനപക്ഷ, ആദിവാസി വിരുദ്ധ നിലപാടുകൾ, നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം, ജി.എസ്.ടി, നോട്ട് നിരോധനം, കശ്മീർ, കർഷക ആത്മഹത്യ, സാമ്പത്തിക മാന്ദ്യം തുടങ്ങിയവയായിരുന്നു കഴിഞ്ഞ ഇലക്ഷനുകളിൽ വലിയ പ്രചാരണ വിഷയമെങ്കിൽ ഝാർഖണ്ഡ് തെരഞ്ഞെടുപ്പ് നടക്കുന്നത് പൗരത്വ ഭേദഗതി ബില്ലും നിയമവും വിവാദങ്ങൾ തീർത്ത സമയത്തായിരുന്നു എന്നത് ശ്രദ്ധേയമാണ്. പൗരത്വ ഭേദഗതി ബില്ലിലൂടെ ദേശീയ പൗരത്വ രജിസ്റ്റർ നടപ്പിലാക്കി തങ്ങൾക്കെതിരെ നിൽക്കുന്നവരെ രാജ്യത്തുനിന്ന് പുറത്താക്കുകയോ തടങ്കൽ പാളയത്തിൽ തള്ളുകയോ അതുമല്ലെങ്കിൽ പൗരത്വം ഇല്ലാതെ അഭയാർഥികളെ പോലെ കഴിയാൻ വഴിയൊരുക്കുകയോ ചെയ്യാം എന്നാണ് അമിത്ഷാ-മോഡി കൂട്ടുകെട്ട് കണക്കാക്കിയത്. പ്രതിഷേധക്കാരെ അവരുടെ വസ്ത്രം കൊണ്ട് തിരിച്ചറിയാം എന്ന ഏറ്റവും പ്രകോപനപരവും നീചവുമായ പ്രസ്താവന ഇലക്ഷൻ പ്രചാരണ സമയത്താണ് ഇന്ത്യയുടെ പ്രധാനമന്ത്രി നടത്തിയത്. സമരത്തെ അധികാരം ഉപയോഗിച്ച് അടിച്ചമർത്താനും ക്യാംപസുകളിലും തെരുവുകളിലും കലാപം സൃഷ്ടിക്കാനും ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളും കേന്ദ്രസർക്കാരും ആസൂത്രിതമായി തന്നെ ശ്രമിച്ചു. രാജ്യത്തെ മുഴുവൻ ജനങ്ങളും ഈ നീക്കത്തിനെതിരെ ശക്തമായ പ്രതിരോധം തീർത്തു. ആഴ്ചകളായി രാജ്യത്തെ തെരുവുകൾ അഹിംസാത്മക പ്രതിഷേധങ്ങൾ കൊണ്ട് പ്രകമ്പനം കൊള്ളുകയാണ്. അതിൽ ഏറ്റവും മധുരിതമായ പ്രതിഷേധം കാഴ്ച വെച്ചത് ഝാർഖണ്ഡ് ജനതയാണ്. ജനാധിപത്യത്തിലെ ഏറ്റവും മൂർച്ചയുള്ള ആയുധമായ സമ്മതിദാനാവകാശം വിനിയോഗിച്ചു കൊണ്ടാണ് അവർ അത് ചെയ്തത് എന്നത് ജനാധിപത്യ ബോധമുള്ള ഏതൊരാൾക്കും നൽകുന്ന ആത്മ വിശ്വാസവും സന്തോഷവും ചെറുതല്ല.

> **ബാബരി മസ്ജിദ്, ആൾക്കൂട്ട കൊലപാതകങ്ങൾ, ദളിത്-ന്യൂനപക്ഷ, ആദിവാസി വിരുദ്ധ നിലപാടുകൾ, നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം, ജി.എസ്.ടി, നോട്ട് നിരോധനം, കശ്മീർ, കർഷക ആത്മഹത്യ, സാമ്പത്തിക മാന്ദ്യം തുടങ്ങിയവയായിരുന്നു കഴിഞ്ഞ ഇലക്ഷനുകളിൽ വലിയ പ്രചാരണ വിഷയമെങ്കിൽ ഝാർഖണ്ഡ് തെരഞ്ഞെടുപ്പ് നടക്കുന്നത് പൗരത്വ ഭേദഗതി ബില്ലും നിയമവും വിവാദങ്ങൾ തീർത്ത സമയത്തായിരുന്നു എന്നത് ശ്രദ്ധേയമാണ്.**



ഏകാധിപത്യവും ജനവിരുദ്ധ നിലപാടുകളും ഭീതിയും കാലാകാലം നിലനിർത്തി അധികാരത്തിന്റെ സോപാനങ്ങളിൽ വാഴാം എന്നത് ദിവാസ്വപ്നം മാത്രമാണ്; ജനാധിപത്യ ഇന്ത്യയിൽ പ്രത്യേകിച്ചും. ശക്തമായ ജനാധിപത്യ അടിത്തറയുള്ള നമ്മുടെ




രാജ്യത്ത് അത് പൂർണമായും പിഴുതെറിയുക അസാധ്യമാണ് എന്ന യാഥാർഥ്യം സംഘപരിവാറും അവർക്ക് ഓശാന പാടുന്നവരും തിരിച്ചറിയാതെ പോകുന്നു എന്നതാണ് ഈ കാട്ടിക്കൂട്ടലുകൾ തെളിയിക്കുന്നത്. പൗരത്വ ബില്ലിനെതിരെ രാജ്യം പ്രക്ഷോഭത്തിനിറങ്ങിയത് ആരെങ്കിലും ആഹ്വാനം ചെയ്തിട്ടല്ല. മറിച്ച് ഇന്ത്യൻ പൗരൻ എന്ന നിലയിൽ ഓരോരുത്തരുടെയും മനസ്സിലുള്ള അഭിമാനബോധവും ഭരണഘടനയോടുള്ള ബഹുമാനവും രാജ്യത്തോടുള്ള കടമയും ഉയർന്ന ജനാധിപത്യ ചിന്തയും അവരെ സ്വയം അതിന് പ്രേരിപ്പിക്കുകയായിരുന്നു. ആരും ആഹ്വാനം ചെയ്യാതെ രാജ്യത്തെ വിവിധ ഇടങ്ങളിൽ വലിയ പ്രക്ഷോഭങ്ങൾ നടന്നു. മത, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക സംഘടനകൾ ഇവയുടെ ഭാഗമായി. സമരത്തിനിടയിൽ പുതിയ സഖ്യങ്ങൾ രൂപപ്പെട്ടു. സമാന മനസ്കർ എല്ലാവിധ അഭിപ്രായ വ്യത്യാസങ്ങളും മാറ്റിവെച്ച് രാജ്യത്തിന്റെ മതേതരത്വവും ഭരണഘടനയും സംരക്ഷിക്കാൻ കൈമെയ് മറന്ന് ഇറങ്ങി. ഇനിയും അത് തുടരുക തന്നെ ചെയ്യും. ജനാധിപത്യ ഇന്ത്യയെ തകർക്കാൻ ഒരു ശക്തിക്കും സാധ്യമല്ല. ജനങ്ങളെ പരിഗണിച്ചും അവരുടെ വികാരങ്ങൾ മനസ്സിലാക്കിയും മാത്രമെ ഭരണകൂടങ്ങൾക്ക് മുന്നോട്ട് പോകാൻ സാധിക്കുകയുള്ളു. ഈ തിരിച്ചറിവ് ഒരാൾക്കും നഷ്ടപ്പെട്ടുകൂടാ. മറിച്ചാണെങ്കിൽ സ്വയം നാശത്തിലേക്ക് അവർ എടുത്ത് ചാടുകയാണ് ചെയ്യുന്നത്.

ഝാർഖണ്ഡ് ഫലം നൽകുന്ന മറ്റൊരു തിരിച്ചറിവ് പ്രാദേശിക പാർട്ടികളുടെ നിലപാടുകൾ തന്നെയാണ്. ജനാധിപത്യത്തെ കശാപ്പ് ചെയ്യാൻ ആസൂത്രിത നീക്കങ്ങൾ നടക്കുമ്പോൾ അവിടെ വിശാലമായ കാഴ്ചപ്പാടുകൾ സ്വീകരിക്കാൻ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തയ്യാറാവണം. കഴിഞ്ഞ കാലങ്ങളിൽ സംഘപരിവാർ ശക്തികൾ അധികാരത്തിന്റെ സോപാനങ്ങളിലേക്ക് നടന്നുകയറിയത് ഇന്ത്യയിലെ ജനാധിപത്യ പ്രസ്ഥാനങ്ങൾക്കിടയിൽ വിള്ളലുകൾ തീർത്തായിരുന്നു. ചെറിയ വോട്ട് വ്യത്യാസത്തിനാണവർ അധികാരം നേടിയത്. അത് തീർത്തതോ വർഷങ്ങൾ എടുത്താലും നികത്താൻ കഴിയാത്തത്ര ആഘാതവും! ഇനിയെങ്കിലും രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഈ തിരിച്ചറിവ് നേടാൻ പ്രാപ്തരാവണം. ബീഹാർ, ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പ് വരാനിരിക്കുകയാണ്. ജനാധിപത്യ ശക്തികളുടെ ഐക്യത്തിനും ഫാസിസ്റ്റ് വിരുദ്ധ വോട്ടുകൾക്ക് ചോർച്ച സംഭവിക്കാതിരിക്കാനുമുള്ള ജാഗ്രത മുഴുവൻ രാഷ്ട്രീയ പാർട്ടികളും കൈക്കൊള്ളണം.

കർണാടകയും മഹാരാഷ്ട്രയും ഫാസിസ്റ്റ് വിരുദ്ധ പോരാട്ടങ്ങൾക്ക് നൽകിയ ഊർജം തെല്ലൊന്നുമല്ല. ചരിത്രത്തിന്റെ ഇന്നലകളിൽ ഒരിക്കൽ പോലും യോജിപ്പിന്റെ ഇടങ്ങൾ കണ്ടെത്താൻ സാധിക്കാത്ത ശിവസേനയുമായി മഹാരാഷ്ട്രയിൽ അധികാരം പങ്കിടുന്നത് തുടക്കത്തിൽ വലിയ ആശങ്കകൾക്കും ആക്ഷേപങ്ങൾക്കും കാരണമായിരുന്നു എങ്കിൽ ഇന്ന് അതിന്റെ ഗുണം രാജ്യം അനുഭവിക്കുന്നു. ബിജെപി ബന്ധം മുറിച്ചു മാറ്റിയപ്പോൾ മനസ്സമാധാനം ഉണ്ടെന്ന് താക്കറെ പറഞ്ഞത് തമാശയല്ല. വെറുപ്പിന്റെ പ്രത്യയ ശാസ്ത്രം പേറുന്നവർ അനുഭവിക്കുന്ന മനഃസംഘർഷങ്ങളെയും അത് അവരെ എത്തിക്കുന്ന മാനസിക നിലവാരത്തെയും അത് നമ്മെ ബോധ്യപ്പെടുത്തുന്നു. ഈ ക്യാൻസർ മുറിച്ചു മാറ്റാൻ ഇന്ത്യയെന്ന, ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന് സാധ്യമായില്ലെങ്കിൽ അത് രാജ്യത്തിന്റെ ചരമം കുറിക്കും എന്നതിൽ സംശയമില്ല. നിരാശകൾക്കിവിടെ ഇടമില്ല. ശക്തമായ പ്രതീക്ഷയും പക്വമായ ഇടപെടലുകളും ആണ് നമ്മെ നയിക്കേണ്ടത്.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം





അധ്യായം: 68, ഭാഗം: 3

# ഖലം (പേന)

(മക്കയിൽ അവതരിച്ചത്)

17. ആ തോട്ടക്കാരെ നാം പരീക്ഷിച്ചത് പോലെ തീർച്ചയായും അവരെയും നാം പരീക്ഷിച്ചിരിക്കുകയാണ്. പ്രഭാതവേളയിൽ ആ തോട്ടത്തിലെ പഴങ്ങൾ അവർ പറിച്ചെടുക്കുമെന്ന് അവർ സത്യം ചെയ്ത സന്ദർഭം.

18. അവർ (യാതൊന്നും) ഒഴിവാക്കി പറഞ്ഞിരുന്നില്ല.

19. എന്നിട്ട് അവർ ഉറങ്ങിക്കൊണ്ടിരിക്കെ നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു ശിക്ഷ ആ തോട്ടത്തെ ബാധിച്ചു.

20. അങ്ങനെ അത് മുറിച്ചെടുക്കപ്പെട്ടത് പോലെ ആയിത്തീർന്നു.

21. അങ്ങനെ പ്രഭാതവേളയിൽ അവർ പരസ്പരം വിളിച്ചുപറഞ്ഞു:

إِنَّا بَلَوْنَٰهُمْ كَمَا بَلَوْنَآ أَصْحَٰبَ ٱلْجَنَّةِ
إِذْ أَقْسَمُوا۟ لَيَصْرِمُنَّهَا مُصْبِحِينَ ﴿١٧﴾
وَلَا يَسْتَثْنُونَ ﴿١٨﴾
فَطَافَ عَلَيْهَا طَآئِفٌ مِّن رَّبِّكَ وَهُمْ نَآئِمُونَ ﴿١٩﴾
فَأَصْبَحَتْ كَٱلصَّرِيمِ ﴿٢٠﴾
فَتَنَادَوْا۟ مُصْبِحِينَ ﴿٢١﴾

22. നിങ്ങൾ പറിച്ചെടുക്കാൻ പോകുകയാണെങ്കിൽ നിങ്ങളുടെ കൃഷിസ്ഥലത്തേക്ക് നിങ്ങൾ കാലത്തുതന്നെ പുറപ്പെടുക.

23. അവർ അന്യോന്യം മന്ത്രിച്ചുകൊണ്ട് പോയി;

24. ഇന്ന് ആ തോട്ടത്തിൽ നിങ്ങളുടെ അടുത്ത് ഒരു സാധുവും കടന്നുവരാൻ ഇടയാവരുത് എന്ന്.

25. അവർ (സാധുക്കളെ) തടസ്സപ്പെടുത്താൻ കഴിവുള്ളവരായിക്കൊണ്ടു തന്നെ കാലത്ത് പുറപ്പെടുകയും ചെയ്തു.

26. അങ്ങനെ അത് (തോട്ടം) കണ്ടപ്പോൾ അവർ പറഞ്ഞു: തീർച്ചയായും നാം പിഴവു പറ്റിയവരാകുന്നു.

27. അല്ല, നാം നഷ്ടം നേരിട്ടവരാകുന്നു.

28. അവരുടെ കൂട്ടത്തിൽ മധ്യനിലപാടുകാരനായ ഒരാൾ പറഞ്ഞു: ഞാൻ നിങ്ങളോട് പറഞ്ഞില്ലേ; എന്താണ് നിങ്ങൾ അല്ലാഹുവെ പ്രകീർത്തിക്കാതിരുന്നത്?

29. അവർ പറഞ്ഞു: നമ്മുടെ രക്ഷിതാവ് എത്രയോ പരിശുദ്ധൻ! തീർച്ചയായും നാം അക്രമികളായിരിക്കുന്നു.

30. അങ്ങനെ പരസ്പരം കുറ്റപ്പെടുത്തിക്കൊണ്ട് അവരിൽ ചിലർ ചിലരുടെ നേർക്ക് തിരിഞ്ഞു.

31. അവർ പറഞ്ഞു: നമ്മുടെ നാശമേ! തീർച്ചയായും നാം അതിക്രമകാരികളായിരിക്കുന്നു.

32. നമ്മുടെ രക്ഷിതാവ് അതിനെക്കാൾ ഉത്തമമായത് നമുക്ക് പകരം തന്നേക്കാം. തീർച്ചയായും നാം നമ്മുടെ രക്ഷിതാവിങ്കലേക്ക് ആഗ്രഹിച്ചു ചെല്ലുന്നവരാകുന്നു.

33. അപ്രകാരമാകുന്നു ശിക്ഷ. പരലോകശിക്ഷയാവട്ടെ കൂടുതൽ ഗൗരവമുള്ളതാകുന്നു. അവർ അറിഞ്ഞിരുന്നെങ്കിൽ!

34. തീർച്ചയായും സൂക്ഷ്മത പാലിക്കുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അനുഗ്രഹങ്ങളുടെ സ്വർഗത്തോപ്പുകളുണ്ട്.

35. അപ്പോൾ മുസ്‌ലിംകളെ നാം കുറ്റവാളികളെപ്പോലെ ആക്കുമോ?

أَنِ ٱغْدُوا۟ عَلَىٰ حَرْثِكُمْ إِن كُنتُمْ صَـٰرِمِينَ ﴿٢٢﴾

فَٱنطَلَقُوا۟ وَهُمْ يَتَخَـٰفَتُونَ ﴿٢٣﴾

أَن لَّا يَدْخُلَنَّهَا ٱلْيَوْمَ عَلَيْكُم مِّسْكِينٌ ﴿٢٤﴾

وَغَدَوْا۟ عَلَىٰ حَرْدٍ قَـٰدِرِينَ ﴿٢٥﴾

فَلَمَّا رَأَوْهَا قَالُوٓا۟ إِنَّا لَضَآلُّونَ ﴿٢٦﴾

بَلْ نَحْنُ مَحْرُومُونَ ﴿٢٧﴾

قَالَ أَوْسَطُهُمْ أَلَمْ أَقُل لَّكُمْ لَوْلَا تُسَبِّحُونَ ﴿٢٨﴾

قَالُوا۟ سُبْحَـٰنَ رَبِّنَآ إِنَّا كُنَّا ظَـٰلِمِينَ ﴿٢٩﴾

فَأَقْبَلَ بَعْضُهُمْ عَلَىٰ بَعْضٍ يَتَلَـٰوَمُونَ ﴿٣٠﴾

قَالُوا۟ يَـٰوَيْلَنَآ إِنَّا كُنَّا طَـٰغِينَ ﴿٣١﴾

عَسَىٰ رَبُّنَآ أَن يُبْدِلَنَا خَيْرًا مِّنْهَآ إِنَّآ إِلَىٰ رَبِّنَا رَٰغِبُونَ ﴿٣٢﴾

كَذَٰلِكَ ٱلْعَذَابُ ۖ وَلَعَذَابُ ٱلْـَٔاخِرَةِ أَكْبَرُ ۚ لَوْ كَانُوا۟ يَعْلَمُونَ ﴿٣٣﴾

إِنَّ لِلْمُتَّقِينَ عِندَ رَبِّهِمْ جَنَّـٰتِ ٱلنَّعِيمِ ﴿٣٤﴾

أَفَنَجْعَلُ ٱلْمُسْلِمِينَ كَٱلْمُجْرِمِينَ ﴿٣٥﴾

17). അല്ലാഹു പറയുന്നു: നന്മയെ നൽകി, കളവാക്കിയവരെ നാം പരീക്ഷിച്ചു. അവർക്ക് സാവകാശം നൽകുകയും ചെയ്തു. ദീർഘായുസ്സ്, സന്താനങ്ങൾ, സമ്പത്ത് തുടങ്ങിയ; നാം ഉദ്ദേശിക്കുന്നത് അവർക്ക് നൽകി സഹായിച്ചു. അവർ താൽപര്യപ്പെടുന്നത് നൽകിയത് അവരോടുള്ള ആദരവുകൊണ്ടല്ല, മറിച്ച് അവരറിയാതെ പടിപടിയായി അവരെ ശിക്ഷിക്കാൻ. അവർ അതിൽ വഞ്ചിതരായി. തോട്ടക്കാർ വഞ്ചിതരായതുപോലെ. അവർ അതിൽ പങ്കാളികളായിരുന്നു. അങ്ങനെ അതിലെ മരങ്ങൾ ഫലമുള്ളതാവുകയും പഴങ്ങൾ

**തെറ്റുകളിൽ നിന്നും അവിശ്വാസത്തിൽ നിന്നും സൂക്ഷ്മത പാലിക്കുന്നവർക്ക് ഏറ്റവും വലിയ ഔദാര്യവാന്റെയടുക്കൽ സുരക്ഷിത ജീവിതത്തിൽ നിന്നും വിവിധ സുഖാനുഗ്രങ്ങളിൽ നിന്നും ഒരുക്കിവെച്ചതിനെക്കുറിച്ച് അല്ലാഹു അറിയിക്കുന്നു. തങ്ങളുടെ രക്ഷിതാവിന്റെ കൽപനകൾക്ക് കീഴൊതുങ്ങുന്നവരെയും അവന്റെ തൃപ്തിയെ പിൻപറ്റുന്ന ഭക്തരെയും ധർമനിഷ്ഠയുള്ളവരെയും തെറ്റുകൾ പ്രവർത്തിക്കുന്നവരെ പോലെയും അവന്റെ വചനങ്ങളെ നിഷേധിക്കുന്ന പ്രവാചകന്മാരെ ധിക്കരിക്കുന്ന, അവന്റെ മിത്രങ്ങളോട് ഏറ്റുമുട്ടുന്നവരെ പ്പോലെയും ആക്കുകയില്ല എന്നത് അല്ലാഹുവിന്റെ ഏറ്റവും വലിയൊരു യുക്തിയാണ്.**

വിളയുകയും പറിച്ചെടുക്കേണ്ട സമയമെത്തുകയും ചെയ്തപ്പോൾ അതെല്ലാം അവരുടെ നിയന്ത്രണത്തിലാണെന്നവർ ധരിച്ചു. അതു കൈവശപ്പെടുത്താൻ ഒരു തടസ്സവും അവർ കണ്ടില്ല.

18). അതുകൊണ്ട് (ان شاء الله) അല്ലാഹു ഉദ്ദേശിച്ചാൽ എന്ന് പോലും പറയാതെ അവരെല്ലാം പറിച്ചെടുക്കുമെന്ന് സത്യം ചെയ്തു പറഞ്ഞു. അതായത്, പ്രഭാതത്തിൽ പറിച്ചെടുക്കുമെന്ന്. അല്ലാഹു അവരെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നും വഴിയെ ശിക്ഷ വന്നെത്തുമെന്നും അത് വേഗത്തിലാവുമെന്നും അവരറിഞ്ഞില്ല.

19). (എന്നിട്ട് അവർ ഉറങ്ങിക്കൊണ്ടിരിക്കെ, നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള ഒരു ശിക്ഷ ആ തോട്ടത്തെ ബാധിച്ചു) രാത്രിയിൽ അതിനു മേൽ ഇറങ്ങിയ ശിക്ഷ. (അവർ ഉറങ്ങിക്കൊണ്ടിരിക്കെ) അതിനെ നശിപ്പിക്കുകയും ഇല്ലാതാക്കുകയും ചെയ്തു. (അങ്ങനെ അത് മുറിച്ചെടുക്കപ്പെട്ടതു പോലെ ആയിത്തീർന്നു) ഇരുട്ടിയ രാത്രി പോലെ. മരങ്ങളും ഫലങ്ങളും എല്ലാം നശിച്ചു. ഈ ശിക്ഷ സംഭവിക്കുന്നതിനെക്കുറിച്ച് അവർക്ക് അറിവില്ലായിരുന്നു. അതുകൊണ്ട് രാവിലെ അവർ പരസ്പരം വിളിച്ചുപറഞ്ഞു.

22-24). (നിങ്ങൾ പറിച്ചെടുക്കാൻ പോകുകയാണെങ്കിൽ നിങ്ങളുടെ കൃഷിസ്ഥലത്തേക്ക് നിങ്ങൾ കാലത്ത് തന്നെ പുറപ്പെടുക). (അവർ പോയി) അതിനെ ഉദ്ദേശിച്ചുകൊണ്ട്. (അവരന്യോന്യം മന്ത്രിച്ചുകൊണ്ട്) അല്ലാഹുവിന് നൽകേണ്ട അവകാശത്തെ തടസ്സപ്പെടുത്താനുള്ള ചർച്ചകളുമായി. അവർ പറയുന്നു: (ഇന്ന് ആ തോട്ടത്തിൽ നിങ്ങളുടെ അടുക്കൽ ഒരു സാധുവും കടന്നുവരാൻ ഇടയാവരുത്) ജനങ്ങൾ ഉണർന്നെഴുന്നേറ്റ് വരുന്നതിനു മുമ്പ് നിങ്ങൾ നേരത്തെപ്പോവുക. അതോടൊപ്പം ദരിദ്രർക്കും സാധുക്കൾക്കും നൽകാതിരിക്കാനും അവർ പരസ്പരം ഉപദേശിച്ചു. ആരെങ്കിലും കേൾക്കുകയും എന്നിട്ട് പാവപ്പെട്ടവരെ അറിയിക്കുകയും ചെയ്യുമോ എന്ന് ഭയപ്പെട്ടാണ് അവർ പതുക്കെപ്പറഞ്ഞത്. ഇത് അവരുടെ പിശുക്കിന്റെയും സമ്പത്തിനോടുള്ള ആർത്തിയുടെയും തീവ്രതയെ അറിയിക്കുന്നു.

20). (അവർ കാലത്ത് പുറപ്പെട്ടു) കരുണയില്ലാത്ത, കഠിനവും നീചവുമായ ഈ അവസ്ഥയിൽ. (അവർ സാധുക്കളെ) തടസ്സപ്പെടുത്താൻ കഴിവുള്ളവരായിക്കൊണ്ടു തന്നെ. തങ്ങളുടെ കഴിവുകളിൽ ഉറച്ചുവിശ്വസിച്ച് അല്ലാഹുവിനുള്ള അവകാശത്തെ തടയാൻ.

26). (അങ്ങനെ അത് (തോട്ടം) കണ്ടപ്പോൾ) അല്ലാഹു വിശേഷിപ്പിച്ചതുപോലെ കൊയ്തെടുക്കപ്പെട്ട നിയിൽ. (അവർ പറഞ്ഞു) പരിഭ്രമിച്ചും ഭയന്നും. (തീർച്ചയായും നാം പിഴവ് പറ്റിയവരാകുന്നു) ആ തോട്ടത്തിൽ നിന്ന് നാം തെറ്റിപ്പോയിരിക്കുന്നു. ഒരു പക്ഷേ, ഇത് മറ്റൊരു തോട്ടമായിരിക്കാം.

27). അത് തന്നെയാണെന്ന് സ്ഥിരീകരിച്ചപ്പോൾ അവർക്ക് വീണ്ടുവിചാരമുണ്ടായി. അവർ പറഞ്ഞു: (അല്ല, നാം നഷ്ടം നേരിട്ടവരാകുന്നു) അത് ശിക്ഷയാണെന്ന് അവർക്ക് ബോധ്യമായി.

28). (അവരുടെ കൂട്ടത്തിൽ മധ്യമ നിലപാടുകാരനായ ഒരാൾ പറഞ്ഞു) അതായത്, നീതിമാനും ഏറ്റവും നല്ല മാർഗം സ്വീകരിച്ചവനുമായവൻ. (ഞാൻ നിങ്ങളോട് പറഞ്ഞിട്ടില്ലേ, എന്താണ് നിങ്ങൾ അല്ലാഹുവെ പ്രകീർത്തിക്കാതിരുന്നത്?). അല്ലാഹുവിനെക്കുറിച്ച് പാടില്ലാത്ത കാര്യങ്ങളിൽ നിന്ന് നിങ്ങളെന്താണ് അവനെ പരിശുദ്ധനാക്കാതിരുന്നത്? അവന്റെ സഹായമില്ലാതെ തന്നെ കാര്യങ്ങൾ ചെയ്യാൻ നിങ്ങൾക്ക് സ്വതന്ത്രമായി കഴിയുമെന്ന് നിങ്ങൾ വിചാരിച്ചു. നിങ്ങൾ ഒഴിവാക്കിപ്പറഞ്ഞിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. നിങ്ങൾ പറഞ്ഞിരുന്നെങ്കിൽ;

'അല്ലാഹു ഉദ്ദേശിച്ചാൽ' എന്ന്. നിങ്ങളുടെ ഉദ്ദേശ്യം നടക്കാൻ അല്ലാഹുവിന്റെ ഉദ്ദേശ്യം കൂടി വേണം എന്ന് വിചാരിച്ചിരുന്നുവെങ്കിൽ നിങ്ങൾക്കിപ്പോൾ സംഭവിച്ചത് സംഭവിക്കുമായിരുന്നില്ല.

29). (അവർ പറഞ്ഞു: നമ്മുടെ രക്ഷിതാവ് പരിശുദ്ധൻ. തീർച്ചയായും നാം അക്രമികളായിരിക്കുന്നു) പിന്നീടവർ തിരിച്ചറിഞ്ഞു. പക്ഷേ, അവരുടെ തോട്ടത്തിന് ബാധിച്ചു കഴിഞ്ഞ ശിക്ഷ ഉയർത്തപ്പെടുകയില്ല. എന്നാൽ അവരുടെ ഈ തസ്ബീഹുകളും തങ്ങൾക്ക് സംഭവിച്ച തെറ്റ് ഏറ്റുപറയലുമെല്ലാം ഒരുപക്ഷേ, കുറ്റത്തിന് ലഘൂകരണവും പശ്ചാത്താപവും ലഭിക്കാൻ ഉപകരിച്ചേക്കാം. അതിനാൽ അവർ വളരെയധികം ഖേദിച്ചു.

30-31). (അങ്ങനെ പരസ്പരം കുറ്റപ്പെടുത്തിക്കൊണ്ട് അവരിൽ ചിലർ ചിലരുടെ നേർക്ക് തിരിഞ്ഞു) അവർ ചെയ്തതും പ്രവർത്തിച്ചതുമായ കാര്യത്തിൽ. (അവർ പറഞ്ഞു: നമ്മുടെ നാശമേ, തീർച്ചയായും നാം അതിക്രമകാരികളായിരിക്കുന്നു). അല്ലാഹുവിന്റെയും അവന്റെ അടിമകളുടെയും ബാധ്യതകളിൽ പരിധി ലംഘിച്ചവൻ.

32). (നമ്മുടെ രക്ഷിതാവ് അതിനെക്കാൾ ഉത്തമമായത് നമുക്ക് പകരം തന്നേക്കാം. തീർച്ചയായും നാം നമ്മുടെ രക്ഷിതാവിങ്കലേക്ക് ആഗ്രഹിച്ച് ചെല്ലുന്നവരാകുന്നു). ആ തോട്ടത്തെക്കാളും നല്ല മറ്റൊന്ന് പകരം ലഭിക്കാൻ അവരാഗ്രഹിച്ചു. തങ്ങൾ അല്ലാഹുവിലേക്ക് ആഗ്രഹിച്ച് ചെല്ലുമെന്ന് അവർ കരാർ ചെയ്തു. ഇഹലോകത്ത് അതിനവർ നിർബന്ധം പിടിച്ചു.

അവർ പറഞ്ഞതു പോലെ തന്നെയാണ് അവരെങ്കിൽ ഇഹലോകത്ത് അവർക്ക് അതിനെക്കാളും ഉത്തമമായത് പകരം നൽകും. സത്യസന്ധമായി അല്ലാഹുവോട് ചോദിക്കുന്നവർക്കും അവനിൽ പ്രതീക്ഷയർപ്പിക്കുന്നവർക്കും ചോദിച്ചത് അവൻ നൽകും.

33). സംഭവിച്ചതിന്റെ ഗൗരവത്തെക്കുറിച്ച് അല്ലാഹു പറയുന്നു: (അപ്രകാരമാകുന്നു ശിക്ഷ). അവർ അതിക്രമവും ധിക്കാരവും ചെയ്ത വസ്തു അവരിൽ നിന്നും കവർന്നെടുത്ത് ശിക്ഷക്ക് കാരണമുണ്ടാക്കിയവർക്ക് അല്ലാഹു ഈ ലോകത്ത് ശിക്ഷ നൽകി. അവർ ഇഹലോകത്തിനു പ്രാധാന്യം നൽകി. അതവൻ അവരിൽ നിന്ന് നീക്കി. ഏറ്റവും ആവശ്യമുള്ള നല്ല സമയത്ത്.

(പരലോക ശിക്ഷയാകട്ടെ, കൂടുതൽ ഗൗരവമുള്ളതാകുന്നു). ഇഹലോക ശിക്ഷയെക്കാൾ. (അവർ അറിഞ്ഞിരുന്നുവെങ്കിൽ) പ്രതിഫലം നഷ്ടപ്പെടുന്നതും ശിക്ഷ നിർബന്ധമാകുന്നതുമായ കാരണങ്ങളിൽ നിന്ന് ഭയന്ന് മാറിനിൽക്കൽ അതിനെക്കുറിച്ച് ബോധമുള്ളവർക്ക് നിർബന്ധമാണ്.

34-35). തെറ്റുകളിൽ നിന്നും അവിശ്വാസത്തിൽ നിന്നും സൂക്ഷ്മത പാലിക്കുന്നവർക്ക് ഏറ്റവും വലിയ ഔദാര്യവാന്റെയടുക്കൽ സുരക്ഷിത ജീവിതത്തിൽ നിന്നും വിവിധ സുഖാനുഗ്രഹങ്ങളിൽ നിന്നും ഒരുക്കിവെച്ചതിനെക്കുറിച്ച് അല്ലാഹു അറിയിക്കുന്നു. തങ്ങളുടെ രക്ഷിതാവിന്റെ കൽപനകൾക്ക് കീഴൊതുങ്ങുന്നവരെയും അവന്റെ തൃപ്തിയെ പിൻപറ്റുന്ന ഭക്തരെയും ധർമനിഷ്ഠയുള്ളവരെയും തെറ്റുകൾ പ്രവർത്തിക്കുന്നവരെ പോലെയും അവന്റെ വചനങ്ങളെ നിഷേധിക്കുന്ന പ്രവാചകന്മാരെ ധിക്കരിക്കുന്ന, അവന്റെ മിത്രങ്ങളോട് ഏറ്റുമുട്ടുന്നവരെപ്പോലെയും ആക്കുകയില്ല എന്നത് അല്ലാഹുവിന്റെ ഏറ്റവും വലിയൊരു യുക്തിയാണ്.


## സ്കൂൾ ഓഫ് ഖുർആൻ സെന്ററുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം

മതശിക്ഷണ രംഗത്ത് ചുരുങ്ങിയ കാലം കൊണ്ട് ഏറെ ശ്രദ്ധയാകർഷിച്ച സ്കൂൾ ഓഫ് ഖുർആനിന്റെ പ്രാദേശിക സെന്ററുകൾക്ക് അപേക്ഷ ക്ഷണിച്ചു. ജാമിഅ അൽഹിന്ദിന്റെ കീഴിൽ അഞ്ച് വർഷം മുമ്പ് തുടക്കം കുറിച്ച ഈ മഹദ് സംരംഭത്തിന് ഇപ്പോൾ 17 സെന്ററുകളും ഒരു റസിഡൻഷ്യൽ ക്യാമ്പസുമാണുള്ളത്. പ്രാദേശിക സെന്ററുകൾ വഴി അഞ്ച് വർഷം പൂർത്തിയായ പഠിതാക്കളിൽ നിന്ന് മികവ് തെളിയിച്ച വിദ്യാർഥികളെ തെരഞ്ഞെടുത്ത് രാജ്യാന്തര നിലവാരമുള്ള ഭൗതിക പഠന സൗകര്യങ്ങളോടൊപ്പം അഞ്ച് വർഷം കൊണ്ട് ക്വുർആൻ സമ്പൂർണമായി ഹൃദിസ്ഥമാക്കാൻ അവസരം നൽകിക്കൊണ്ട് സമൂഹത്തിന്റെ ഉന്നതരംഗങ്ങളിൽ ഉയർന്ന കാഴ്ചപ്പാടും ധാർമികബോധമുള്ള വിദഗ്ധരെ വളർത്തിയെടുക്കുകയാണ് സ്കൂൾ ഓഫ് ഖുർആൻ ലക്ഷ്യമിടുന്നത്.

ജാമിഅ നിർദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുത്താൽ അധ്യാപക നിയമനവും ട്രൈനിംഗും ദൈനംദിന കാര്യങ്ങളും വേതനവുമടക്കം മുഴുവൻ ഹെഡ് ഓഫീസിൽ നിന്നും നിയന്ത്രിക്കുന്ന രീതിയിലാണ് സ്ഥാപനം ക്രമീകരിച്ചിരിക്കുന്നത്.

സെന്റർ സംബന്ധമായ വിശദവിവരങ്ങൾക്കും അപേക്ഷാഫോമിനും 9995588317 എന്ന നമ്പറിൽ ബന്ധപ്പെടുക.

School of Qur'an | Jamia Al-Hind Al-Islamiyya
Jamia Campus | Mini Ootty
Malappuram | Kerala | India | PIN 676519
www.schoolofquran.in | mail@schoolofquran.com

ക്വുർആൻ പാഠം

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
abooyahyakfn@gmail.com



# ഒരേ മാതാപിതാക്കളിൽനിന്നും ഉണ്ടായവർ നാം

മാനവചരിത്രം പരിശോധിച്ചു നോക്കിയാൽ മനുഷ്യർ തമ്മിൽ വലിയ യുദ്ധങ്ങളും സംഘട്ടനങ്ങളും നടന്നതായും ഒട്ടനവധി പ്രയാസങ്ങളും പ്രതിസന്ധികളും നേരിട്ടതായും നമുക്ക് മനസ്സിലാക്കാൻ സാധിക്കും.

എന്തിന്റെ പേരിലാണ് ഇതെല്ലാം യഥാർഥത്തിൽ ഉണ്ടായിട്ടുള്ളതെന്ന് പരിശോധിക്കുമ്പോൾ, ചരിത്രത്തെ വസ്തുനിഷ്ഠമായി പഠനവിധേയമാക്കിയാൽ നമുക്ക് കാണാൻ സാധിക്കുന്ന ഒരു വസ്തുതുതയുണ്ട്; അതെല്ലാം, അല്ലെങ്കിൽ അവയിൽ ഭൂരിഭാഗവും രാജ്യത്തിന്റെ പേരിൽ, അല്ലെങ്കിൽ നിറത്തിന്റെ, സൗന്ദര്യത്തിന്റെ, ഭാഷയുടെ, തറവാടിന്റെയൊക്കെ പേരിൽ ഉണ്ടായിട്ടുള്ളതാണ് എന്ന്. മനുഷ്യർ വ്യത്യസ്തങ്ങളായ കാരണങ്ങളുടെ പേരിൽ തമ്മിൽ തല്ലുന്ന, കലഹിക്കുന്ന, വിവേചനം കാണിക്കുന്ന, വെറുപ്പും വിദ്വേഷവും കാണിക്കുന്ന അവസ്ഥ ഇന്നും നാം കാണുന്നു.

അവയുടെയെല്ലാം പേരിൽ അതിക്രമങ്ങളും കൊലപാതകങ്ങളും യുദ്ധങ്ങളും വരെ നടന്ന സാഹചര്യം മനുഷ്യചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്. എന്തുകൊണ്ടാണ് മനുഷ്യർ ഇങ്ങനെ രാജ്യത്തിന്റെയും ഭാഷയുടേയും നിറത്തിന്റെയും ഗോത്രത്തിന്റെയുമൊക്കെ പേരിൽ തമ്മിൽ കലഹിക്കുന്നത്?

പ്രധാനപ്പെട്ട കാരണം മനുഷ്യജീവിതത്തെ സംബന്ധിച്ചും മനുഷ്യനെ സംബന്ധിച്ചുമുള്ള അറിവില്ലായ്മയാണ് എന്ന് പറയാം. ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയില്ലേ?

വിശുദ്ധ ക്വുർആനിന്റെ ഈ വചനത്തിൽ ഇതിനുള്ള പരിഹാരം കാണാം: "ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു" (ക്വുർആൻ 49:13).

വ്യത്യസ്ത രാജ്യങ്ങൾ, തറവാടുകൾ, ഗോത്രങ്ങൾ, ഭാഷകൾ... ഇതെല്ലാം എന്തിനാണ്? തമ്മിൽ തല്ലാൻ വേണ്ടിയാണോ? അല്ല, ഒരിക്കലുമല്ല! പിന്നെയോ? പരസ്പരം തിരിച്ചറിയാൻവേണ്ടി മാത്രം. അതിനു വേണ്ടിയാണ് സ്രഷ്ടാവ് അങ്ങനെ ചെയ്തിട്ടുള്ളത്. മാന്യത അവകാശപ്പെടാൻ അർഹതയുള്ളത് സ്രഷ്ടാവിനെ ഭയപ്പെട്ടു ജീവിക്കുന്നവർക്ക് മാത്രമാണ്.

ധാർമിക ജീവിതം നയിക്കുന്നവനാരാണോ അവനാണ് ശ്രേഷ്ഠതയുള്ളത്. അല്ലാതെ രാജ്യത്തിന്റെയോ ഭാഷയുടെയോ തറവാടിന്റെയോ നിറത്തിന്റെയോ മഹിമ പറഞ്ഞുകൊണ്ട് അതിന്റെ പേരിൽ പരസ്പരം തമ്മിൽ തല്ലുന്നതിൽ യാതൊരു അർഥവുമില്ല എന്നാണ് ഈ ക്വുർആൻ വചനം നമ്മെ പഠിപ്പിക്കുന്നത്.

ഇസ്‌ലാം മുന്നോട്ടു വെക്കുന്ന അതിമഹത്തായ ആശയങ്ങളിൽ ഒന്നാണ് ലോകത്തിലെ സകല മനുഷ്യരും ഒരേ മാതാപിതാക്കളുടെ മക്കളാണ് എന്നത്. ഹൈന്ദവർക്കും ക്രൈസ്തവർക്കും മുസ്‌ലിംകൾക്കും വേറെ വേറെ മാതാപിതാക്കൾ എന്ന ചിന്ത ഇസ്‌ലാമിന്റേതല്ല. എല്ലാ രാജ്യക്കാരുടെയും എല്ലാ നിറക്കാരുടെയും എല്ലാ തറവാട്ടുകാരുടെയും മാതാവും പിതാവും ഒന്നാണ്; ആദമും ഹവ്വയും. എല്ലാവരും ആ അർഥത്തിൽ സഹോദരങ്ങളുമാണ്. അതുകൊണ്ട് ഭാഷയുടെ പേരിലോ നിറത്തിന്റെ പേരിലോ പരസ്പരം അഹങ്കരിക്കുന്നതിലോ അഭിമാനിക്കുന്നതിലോ കലഹിക്കുന്നതിലോ യാതൊരു അർഥവുമില്ല. മഹത്ത്വം യഥാർഥത്തിൽ പരിഗണിക്കപ്പെടുന്നത് ഒരു വ്യക്തിയുടെ ധാർമികജീവിതം പരിശോധിച്ചുകൊണ്ടാണ്.

ക്വുർആൻ മുന്നോട്ടു വെക്കുന്ന മാനവസാഹോദര്യത്തിന്റെ ഈ മഹത്തായ സന്ദേശം നാം ഉൾക്കൊള്ളുക. അതിലൂടെ കലഹങ്ങൾ നമുക്ക് അവസാനിപ്പിക്കാം. സർവശക്തൻ അനുഗ്രഹിക്കട്ടെ.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 JANUARY 04

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

# വിപണിയിൽ...




## പുതിയ പുസ്തകങ്ങൾ

1. പ്രകാശം പരത്തിയ പ്രവാചകന്മാർ, ഭാഗം: 2 — ഹുസൈൻ സലഫി / ₹ 120
2. സംസ്കാരം, സമൂഹം, സദാചാരം: സമകാലിക വായന — സുഫ്‌യാൻ അബ്ദുസ്സലാം / ₹ 180
3. ദേശം, ദേശീയത, വിശ്വാസം: മുസ്‌ലിമിന് പറയാനുള്ളത് — പി.വി.എ പ്രിംറോസ് / ₹ 90
4. വാടാമലരുകൾ (കുട്ടിക്കവിതകൾ) — ഉസ്മാൻ പാലക്കാഴി / ₹ 80
5. പൂമരത്തണൽ (ഗുണപാഠ കഥകൾ) — റാഷിദ ബിൻത് ഉസ്മാൻ / ₹ 100
6. തേൻതുള്ളികൾ (സാരോപദേശ കഥകൾ) — ഉസ്മാൻ പാലക്കാഴി / ₹ 100